# ഉന്നതിതല ദുരന്തനിവാരണ പദ്ധതി

## ഘടനയും - മാർഗ്ഗരേഖയും



പട്ടിക വർഗ്ഗ വികസന വകുപ്പ്

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

# ഉന്നതിതല
# ദുരന്തനിവാരണ പദ്ധതി

## ഘടനയും - മാർഗ്ഗരേഖയും

കേരള സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പ്
കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

09 ഓഗസ്റ്റ് 2025

# ആമുഖം

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും പട്ടിക വർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ആദിവാസി മേഖലകൾക്കായുള്ള 'ഉന്നതിതല ദുരന്തനിവാരണ പദ്ധതി'കൾ തയ്യാറാക്കാനുള്ള മാർഗ്ഗരേഖയും സൂചികകകളുമടങ്ങിയതാണ് ഈ കൈ പുസ്തകം. വർധിച്ചുവരുന്ന കാലാവസ്ഥാ വ്യതിയാനവും ആവർത്തിക്കപ്പെടുന്ന പ്രകൃതി ദുരന്തങ്ങളും, മനുഷ്യനിർമ്മിത ദുരന്തങ്ങളും തുടങ്ങിയ വെല്ലുവിളികൾ ആഗോളതലത്തിലെന്നപോലെ കേരളത്തിലും തുടരെ സംഭവിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ, മുൻകൂട്ടി തയ്യാറെടുക്കുന്ന ഒരു സമൂഹം ദുരന്തങ്ങളെ കൂടുതൽ കാര്യക്ഷമമായി അതിജീവിക്കുകയും ദുരന്താനന്തര പുനരുജ്ജീവനം വേഗത്തിലാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു . ഈ തിരിച്ചറിവിലൂന്നികൊണ്ട് പ്രകൃതി ദുരന്തങ്ങളിൽ ഏറ്റവും ദുർബലത അനുഭവിക്കുന്ന ആദിവാസി മേഖലകളിലെ ജനതയെ ദുരന്തങ്ങളുടെ സമയത്തു ദുരന്തങ്ങൾ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനും, ദുരന്ത സമയത്ത് ഫലപ്രദമായി പ്രതികരിക്കുന്നതിനും, തുടർന്ന് അതിൽ നിന്ന് വേഗത്തിൽ കരകയറുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, തദ്ദേശീയ അറിവുകളെ ശാസ്ത്രീയമായ സമീപനങ്ങളുമായി സംയോജിപ്പിച്ച്, ഈ പദ്ധതിയെ കൂടുതൽ സമഗ്രവും പ്രായോഗികവുമാക്കാൻ കഴിയുന്ന ശേഷി വർധന പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഈ കൈപ്പുസ്തകം ഉന്നതി പ്രദേശങ്ങളിലെ ജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും, ഈ വിഷയത്തിൽ താൽപര്യമുള്ളവർക്കും ഉതകുന്നതും നിർദ്ദേശങ്ങൾ ദുരന്തനിവാരണത്തിൽ സജീവമായി ഇടപെടാൻ ഓരോ വ്യക്തിയെയും പ്രാപ്തരാക്കുന്നതുമാണ്.

# ഉള്ളടക്കം

03 അദ്ധ്യായം 1
ഉന്നതിതല ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ ഘട്ടം ഘട്ടമായുള്ള പ്രവർത്തനരീതി

06 അദ്ധ്യായം 2
ഉന്നതിതല ദുരന്തനിവാരണ പദ്ധതികളിൽ തദ്ദേശീയ അറിവുകളുടെ സംയോജനം

09 അദ്ധ്യായം 3
ഉന്നതിതല ദുരന്ത നിവാരണ സന്നദ്ധ സംഘം (Hamlet Resource Groups - HRGs) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

11 അദ്ധ്യായം 4
പൊതു വിവരങ്ങൾ

15 അദ്ധ്യായം 5
ദുരന്ത സാധ്യതകളും അതിന്റെ വിശകലനവും

16 അദ്ധ്യായം 6
ദുരന്ത പ്രതികരണ പദ്ധതി

18 അദ്ധ്യായം 7
മുന്നൊരുക്കം, ദുരന്ത ലഘൂകരണം, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾ

19 അദ്ധ്യായം 8
ഉന്നതിയിലെ ശേഷികളെയും വിഭവങ്ങളെയും കുറിച്ചുള്ള പട്ടികപ്പെടുത്തൽ

23 അദ്ധ്യായം 9
ദുരന്ത ലഘൂകരണ പ്രൊജക്റ്റ് നിർദേശങ്ങൾ

24 അദ്ധ്യായം 10
അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട പ്രധാന ഫോൺ നമ്പറുകൾ

## ഉന്നതിതല ദുരന്തനിവാരണ പദ്ധതി ഘടനയും മാർഗ്ഗരേഖയും തയ്യാറാക്കുമ്പോൾ

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ഉന്നതിതല ദുരന്തനിവാരണ പദ്ധതി തയ്യാറാക്കാൻ സഹായകമായ വിവരങ്ങളും, അവ കണ്ടെത്തുവാനുള്ള മാർഗനിർദേശങ്ങളും, പദ്ധതി രൂപീകരണത്തിനാവശ്യമായ മറ്റു നിർദേശങ്ങളുമാണ് ഈ മാർഗ്ഗരേഖയിൽ ലഭ്യമാക്കിയിരിക്കുന്നത്.
2. ഈ കൈപ്പുസ്തകത്തിലെ വിവരങ്ങൾ ഉന്നതിയുടെ പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ച്
3. മാറ്റങ്ങൾ വരുത്താവുന്നതാണ്.
4. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിൽ ഉന്നതിയിലെ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കണം.
5. പദ്ധതിയുടെ വിവരങ്ങൾ ഉന്നതിയിലെ  എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിലും രീതിയിലും ലഭ്യമാക്കണം.
6. പദ്ധതിയുടെ വിവരങ്ങൾ കാലാകാലങ്ങളിൽ പുതുക്കുകയും മോക്ക് ഡ്രില്ലുകൾ നടത്തുകയും വേണം.
7. വിവിധ വകുപ്പുകളുമായും സന്നദ്ധ സംഘടനകളുമായും നിരന്തരമായ ഏകോപനം ഉറപ്പാക്കണം.
8. ഒന്നാമത്തെ അദ്ധ്യായത്തിൽ ഉന്നതിതല ദുരന്തനിവാരണ പദ്ധതികൾ ജനപങ്കാളിത്തത്തോടെ എങ്ങനെ തയ്യാറാക്കാമെന്നതിന്റെ പ്രവർത്തനരീതി വിശദീകരിക്കുന്നു. ഓരോ ഉന്നതിയിലും പ്രതിപാദിച്ചിരിക്കുന്ന വിവിധ ഘട്ടങ്ങളിലൂടെ വേണം പദ്ധതികൾ തയ്യാറാക്കാൻ. ഓരോ ഉന്നതിയുടെയും ഘടനയ്ക്കും, സാഹചര്യത്തിനും, സംസ്കാരത്തിനുമാനുസൃതമായി ഇവയ്ക്ക് ചെറിയ മാറ്റങ്ങൾ വരുത്താവുന്നതാണ്.
9. ഉന്നതിയിലെ ജനങ്ങളുടെ പ്രാദേശിക അറിവുകൾ ദുരന്ത നിവാരണ പദ്ധതിയുമായി എങ്ങനെ സംയോജിപ്പിക്കാമെന്നതാണ് രണ്ടാം അദ്ധ്യായം വിശദീകരിക്കുന്നത്.
10. ഉന്നതിയിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കലിനായി പ്രാദേശികമായി രൂപീകരിക്കപ്പെടുന്ന ഹാംലെറ്റ് റിസോഴ്സ് ഗ്രൂപ്പ് അഥവാ ഉന്നതിതല ദുരന്ത നിവാരണ സന്നദ്ധ സംഘം രൂപീകരിക്കുന്നതിനെ സംബന്ധിച്ചാണ് മൂന്നാം അദ്ധ്യായം. ഈ അധ്യായത്തിൽ ഹാംലെറ്റ് റിസോഴ്സ് ഗ്രൂപ്പുകളുടെ ഘടന, പ്രാതിനിധ്യം, ചുമതലകൾ എന്നിവയെ സംബന്ധിച്ചുള്ള നിർദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.
11. നാലാമത്തെ അധ്യായത്തിൽ പദ്ധതി രൂപരേഖയിൽ ഉൾക്കൊള്ളിക്കേണ്ട ഉന്നതി സംബന്ധിയായ പൊതു വിവരങ്ങളെ കുറിച്ചാണ് എഴുതേണ്ടത്. ഇതിലേക്ക് വേണ്ട വിവരങ്ങൾ പ്രധാനമായും ഉന്നതിയിൽ നിന്ന് തന്നെ ശേഖരിക്കണം. അത്തരത്തിൽ ലഭിക്കുന്ന വിവരങ്ങൾ അതാതു വകുപ്പുകളിൽനിന്നും, മറ്റു സ്ഥാപനങ്ങളിലും നിന്നും ലഭ്യമാകുന്ന വിവരങ്ങളുമായി ഒത്തുനോക്കി അന്തിമമാക്കണം. ഈ വിധത്തിൽ ലഭിക്കാത്ത ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിലെ എൽ എസ് ജി ഐ പ്ലാൻ കോർഡിനേറ്ററിൽ നിന്ന്  ശേഖരിക്കാം. ബന്ധപ്പെട്ട ആളുകളെയോ, സംഘടനകളെയോ ചേർത്ത് ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയും, പഠന പര്യടനത്തിലൂടെയും(ട്രാൻസെക്റ്റ് വാക്കുകളിലൂടെയും) ശേഖരിക്കാം.
12. ഉന്നതി തലത്തിലുള്ള വിവര ശേഖരണം ഉടനടി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും, പ്രതികരണ നടപടികളും ഏറ്റെടുക്കുന്നതിന് സഹായകമാകും. ഉന്നതി തല വിവരങ്ങളും പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ദുരന്ത നിവാരണ പദ്ധതിയുമായും  വാർ

ഷിക പദ്ധതികളുമായും ഉൾച്ചേർക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.

13. അഞ്ചാമത്തെ അദ്ധ്യായത്തിൽ ഉന്നതിയിലെ ദുരന്ത സാധ്യതകളും അതിന്റെ വിശകലന വും ആണ് ഉൾപ്പെടുത്തേണ്ടത്. പ്രദേശത്തെ ദുരന്ത ഭീഷണിക്കനുസരിച്ച് വേണ്ട തയ്യാറെടു പ്പുകളും ഇടപെടലുകൾ വേണ്ട മേഖലകളും സ്ഥിതീകരിക്കുവാൻ ഇത് സഹായകമാവും. ഇതിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാൻ പ്രധാനാമായും പ്രദേശ വാസികളെ ചേർത്ത് ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും, പഠന പര്യടനവും(ട്രാൻസെക്റ്റ് വാക്കുകളും) നടത്താ വുന്നതാണ്. ഇതുകൂടാതെ വിവരങ്ങൾ സംസ്ഥാന/ ജില്ല തല ദുരന്ത നിവാരണ അതോറി റ്റിയിൽ നിന്നും, പഴയ പഠന റിപ്പോർട്ടുകളിൽ നിന്നും, പഴയ പത്രങ്ങളിൽ നിന്നും ലഭിക്കും.
14. ആറാമത്തെ അദ്ധ്യായം ദുരന്ത പ്രതികരണ പദ്ധതിയാണ്. പ്രധാനമായും രൂപീക രിക്കേണ്ട സേനകളും അവയിൽ ഉൾപ്പെടുന്ന ആളുകളുടെ പേര് വിവരങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്.
15. ഏഴാമത്തെ അദ്ധ്യായത്തിൽ ഉന്നതികളിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്ന മുന്നൊരുക്കം, ദുരന്ത ലഘൂകരണം, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തേണ്ടത്. ഇവ തയ്യാറാക്കുമ്പോൾ നാല്, അഞ്ച് അദ്ധ്യായങ്ങളിൽ നിന്നും കണ്ടെത്തിയ കുറവുകളെയ ും പോരായ്മകളെയും പരിഹരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ പ്ര ത്യേകം ശ്രദ്ധിക്കണം.
16. എട്ടാമത്തെ അദ്ധ്യായത്തിൽ ഉന്നതിയിലെ ശേഷികളെയും വിഭവങ്ങളെയും കുറിച്ചുള്ള പട്ടികപ്പെടുത്തലാണ്. ഈ പ്രക്രിയയിൽ കൂടി ദുരന്ത സാഹചര്യത്തിൽ ആവശ്യമായ വിഭവ ങ്ങൾ എവിടെ ലഭിക്കും എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാകും.
17. ഒൻപതാമത്തെ അദ്ധ്യായത്തിൽ വിവിധ തലങ്ങളിലേക്ക് കൊടുക്കാവുന്ന ദുരന്ത ലഘൂക രണ പ്രൊജക്റ്റ് നിർദേശങ്ങൾ ആണ് ഉൾപ്പെടുത്തേണ്ടത്. ഈ നിർദേശങ്ങൾ നാല് മുതൽ എട്ടുവരെയുള്ള അദ്ധ്യായങ്ങളിൽ നിന്നും തിരിച്ചറിഞ്ഞതായ കുറവുകളും, പ്രശ്നങ്ങളും, പോരായ്മാകയും, ആവശ്യങ്ങളും പരിഹരിക്കാൻ തക്കതായിരിക്കണം.
18. പത്താമത്തെ അദ്ധ്യായം ദുരന്ത സാഹചര്യത്തിൽ ഉടനടി ബന്ധപ്പെടേണ്ട ചുമതലപെട്ടവ രുടേ പ്രധാന ഫോൺ നമ്പറുകളാണ്.

# ഉന്നതിതല ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽഘട്ടം ഘട്ടമായുള്ള പ്രവർത്തനരീതി

## അദ്ധ്യായം 1

ദുരന്തങ്ങളെ അതിജീവിക്കാൻ ആദിവാസി മേഖലകളെ സജ്ജമാക്കുന്നതിനുള്ള ഉന്നതിതല ദുരന്തനിവാരണ പദ്ധതിയുടെ ഓരോ ഘട്ടവും താഴെ വിശദീകരിക്കുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഓരോ പ്രദേശത്തിനും അനുയോജ്യമായ ദുരന്തനിവാരണ പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായിക്കും.

» ***ഘട്ടം 1 : ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നടത്തപ്പെടുന്ന പ്രാദേശിക പരിശീലനവും പ്രോജക്റ്റ് ആശയം വ്യക്തമാക്കലും.***

***ലക്ഷ്യം*** : പദ്ധതിയുടെ അടിസ്ഥാന ആശയങ്ങളും ലക്ഷ്യങ്ങളും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവരുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിശീലനത്തിലൂടെ കൃത്യമായി മനസ്സിലാക്കുക.

ഈ ഘട്ടത്തിൽ, ഉന്നതിതല ദുരന്ത നിവാരണ പദ്ധതിയുടെ തത്വങ്ങൾ, ലക്ഷ്യങ്ങൾ, പ്രതീക്ഷിക്കുന്ന ഫലങ്ങൾ എന്നിവയെക്കുറിച്ച് ട്രൈബൽ എക്സ്റ്റൻഷൻ എക്സ്റ്റൻഷൻ ഓഫീസർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവരുടെ ആഭിമുഖ്യത്തിൽ വിശദമായ പരിശീലനം നൽകുന്നു. പദ്ധതിയുടെ പ്രാധാന്യം, ആദിവാസി സമൂഹങ്ങളിൽ ഇത് എങ്ങനെ നടപ്പിലാക്കണം, ഓരോ ഘട്ടത്തിലെയും അവരുടെ പങ്ക് എന്നിവ ഈ പരിശീലനത്തിൽ വ്യക്തമാക്കും.

» ***ഘട്ടം 2 : തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ പ്രോജക്റ്റ് പരിചയപ്പെടുത്തലും വകുപ്പുതല ഏകോപന യോഗവും***

***ലക്ഷ്യം*** : തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കുകയും വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുകയും ചെയ്യുക. ഈ ഘട്ടത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി (പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയവ) ഒരു യോഗം ചേരുന്നു. ഉന്നതി തല ദുരന്ത നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ അവരുമായി പങ്കുവെക്കുകയും പദ്ധതിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, ആരോഗ്യം, കൃഷി, വനം, പോലീസ്, അഗ്നിശമന സേന തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഏകോപന യോഗം നടത്തുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഈ വകുപ്പുകളുടെയെല്ലാം സഹകരണം ഉറപ്പാക്കുക എന്നതാണ് ഈ ഘട്ടത്തിലെ പ്രധാന ലക്ഷ്യം.

» ***ഘട്ടം 3 : ദുരന്ത നിവാരണ ഊരുകൂട്ടം, ദുരന്തങ്ങളെക്കുറിച്ചുള്ള അറിവ് പകരൽ, ഉന്നതിതല റിസോഴ്സ് ഗ്രൂപ്പ് (HRG) രൂപീകരണം***

***ലക്ഷ്യം*** : പ്രാദേശിക സമൂഹത്തെ ശാക്തീകരിക്കുകയും ദുരന്തങ്ങളെ നേരിടാൻ സജ്ജമാക്കുകയും ചെയ്യുക.

ഈ ഘട്ടത്തിൽ, ദുരന്തസാധ്യതകളെക്കുറിച്ച് ഉന്നതിയിൽ താമസിക്കുന്നവർക്ക് അവബോധം നൽകുന്നതിനായി ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുന്നു. ദുരന്തസാദ്ധ്യതകളുടെ സ്വഭാവം, അവയുടെ ആഘാതം, ദുരന്ത മുന്നറിയിപ്പുകൾ എങ്ങനെ മനസ്സിലാക്കാം തുടങ്ങിയ വിഷയങ്ങളിൽ അറിവ് നൽകുന്നു. കൂടാതെ, ഓരോ ഉന്നതിയിലും പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് ദുരന്തങ്ങളെ നേരിടാൻ കഴിവുള്ള ഒരു ഉന്നതി (ഹാംലെറ്റ്) തല റിസോഴ്സ് ഗ്രൂപ്പ് (HRG) രൂപീകരിക്കുന്നു. ഈ ഗ്രൂപ്പിന് ദുരന്ത ലഘൂകരണത്തിലും പ്രതികരണത്തിനും പുനരധിവാസത്തിനുമുള്ള പ്രാഥമിക പരിശീലനം നൽകും.

» ***ഘട്ടം 4 : ഉന്നതിയുടെ അപകടസാധ്യതകളെയും സുരക്ഷാ പ്രശ്നങ്ങളെയും കുറിച്ചുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച (FGD)***

***ലക്ഷ്യം :*** ഓരോ ഉന്നതിയിലെയും സവിശേഷ അപകടസാധ്യതകളും സുരക്ഷാ പ്രശ്നങ്ങളും തിരിച്ചറിയുക.

ഈ ഘട്ടത്തിൽ, രൂപീകരിച്ച ഒഞഏ അംഗങ്ങളെയും മറ്റ് പ്രാദേശിക നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തുന്നു. ഉരുൾപൊട്ടൽ സാധ്യത, വെള്ളപ്പൊക്കം, കാട്ടുതീ, വന്യജീവി ആക്രമണം, കാറ്റു തുടങ്ങിയ ഉന്നതിയെ ബാധിക്കാൻ സാധ്യതയുള്ള ദുരന്തങ്ങൾ, അവയുടെ ആഘാതം, നിലവിലുള്ള സുരക്ഷാ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നു. പ്രാദേശികമായ അറിവുകൾ ഈ ചർച്ചകളിൽ നിർണ്ണായകമാണ്.

» ***ഘട്ടം 5 : പഠന പര്യടനം (ട്രാൻസെക്റ്റ് വാക്കും) അപകടസാധ്യതയുടെയും ദുരന്ത സംഭവങ്ങളുടെയും ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള ഗ്രാമീണ പങ്കാളിത്ത വിലയിരുത്തൽ (PRA)***

***ലക്ഷ്യം :*** പ്രാദേശിക ദുരന്തസാദ്ധ്യതകളെയും ചരിത്രപരമായ സംഭവങ്ങളെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കുക.

ഈ ഘട്ടത്തിൽ, പ്രാദേശിക വിദഗ്ദ്ധരും പ്രാദേശിക സമൂഹാംഗങ്ങളും ചേർന്ന് ഉന്നതിയിലൂടെ ഒരു (ട്രാൻസെക്റ്റ് വാക്ക്) നടത്തുന്നു. അപകടസാധ്യതയുള്ള പ്രദേശങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുകയും ദുരന്തങ്ങളുണ്ടായേക്കാവുന്ന സ്ഥലങ്ങൾ ഒരു രേഖാചിത്രത്തിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, മുൻപ് ആ പ്രദേശത്ത് സംഭവിച്ച ദുരന്തങ്ങൾ, അവയുടെ ആഘാതം, ആളുകൾ എങ്ങനെ പ്രതികരിച്ചു തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഉന്നതി നിവാസികളുമായി സംസാരിച്ച് ഗ്രാമീണ പങ്കാളിത്ത വിലയിരുത്തൽ (PRA) നടത്തുന്നു. ഇത് ഭാവിയിലെ ദുരന്ത നിവാരണ പദ്ധതികൾക്ക് അടിസ്ഥാനം നൽകും.

» ***ഘട്ടം 6 : അപകടസാധ്യതകൾ, ദുരന്ത സാധ്യതകൾ, വിഭവങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കൽ***

***ലക്ഷ്യം :*** ഓരോ ഉന്നതിയുടെയും ദുരന്തസാധ്യതകളും ദുർബലതകളും ലഭ്യമായ വിഭവങ്ങളും ക്രോഡീകരിക്കുക.

കഴിഞ്ഞ ഘട്ടങ്ങളിൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഓരോ ഉന്നതിയുടെയും പ്രധാന അപകടസാധ്യതകൾ, ദുർബലതകൾ കൂടാതെ ദുരന്തങ്ങളെ നേരിടാൻ ലഭ്യമായ വിഭവങ്ങൾ (Resources മനുഷ്യശക്തി, കെട്ടിടങ്ങൾ, വാഹനങ്ങൾ, പ്രാദേശിക അറിവുകൾ തുടങ്ങിയവ) എന്നിവയുടെ സമഗ്രമായ ഒരു പട്ടിക തയ്യാറാക്കുന്നു. ഈ പട്ടിക ദുരന്ത നിവാരണ പദ്ധതിയുടെ ആസൂത്രണത്തിന് നിർണായകമാണ്.

» ***ഘട്ടം 7 : കണ്ടെത്തിയ അപകടസാധ്യതകൾ, ദുരന്ത സാധ്യതകൾ, വിഭവങ്ങൾ എന്നിവയുടെ രേഖപ്പെടുത്തൽ, പങ്കാളിത്ത ഭൂപടങ്ങളോടുകൂടിയ ഉന്നതിയിലെ നിലവിലുള്ള പ്രാദേശിക അറിവുകൾ***

***ലക്ഷ്യം :*** ശേഖരിച്ച വിവരങ്ങൾ പങ്കാളിത്ത ഭൂപടങ്ങളിലൂടെയും രേഖകളിലൂടെയും ദൃശ്യവൽക്കരിക്കുക.

ഈ ഘട്ടത്തിൽ, ഘട്ടം 6ൽ തയ്യാറാക്കിയ പട്ടികയിലെ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നു. ഉന്നതിയിലെ അപകടസാധ്യതയുള്ള പ്രദേശങ്ങൾ, സുരക്ഷിത സ്ഥലങ്ങൾ, രക്ഷാമാർഗ്ഗങ്ങൾ, വിഭവങ്ങളുടെ ലഭ്യത എന്നിവയെല്ലാം ഉൾക്കൊള്ളിച്ച് പങ്കാളിത്ത ഭൂപടങ്ങൾ (Participatory Maps) തയ്യാറാക്കുന്നു. കൂടാതെ, ദുരന്തങ്ങളെ നേരിടാൻ ആദിവാസി സമൂഹങ്ങൾ പരമ്പരാഗതമായി ഉപയോഗിക്കുന്ന അറിവുകൾ, രീതികൾ എന്നിവയും ഈ രേഖകളിൽ ഉൾപ്പെടുത്തും. ഇത് ഭാവിയിലെ പ്രവർത്തനങ്ങൾക്ക് ഒരു വഴികാട്ടിയായി വർത്തിക്കും.

» ***ഘട്ടം 8 : ഉന്നതിക്കായുള്ള തയ്യാറെടുപ്പ്, ലഘൂകരണം, പ്രതികരണം, വീണ്ടെടുക്കൽ പദ്ധതികൾ എന്നിവയുടെ പട്ടിക***

***ലക്ഷ്യം :*** ഓരോ ഉന്നതിക്കുമായുള്ള സമഗ്ര ദുരന്ത നിവാരണ പദ്ധതികൾ രൂപീകരിക്കുക. ഈ ഘട്ടത്തിൽ, ഓരോ ഉന്നതിക്കും അനുയോജ്യമായ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നു. ഇത് പ്രധാനമായും നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

1. ***തയ്യാറെടുപ്പ്*** *(Preparedness):* ദുരന്ത മുന്നറിയിപ്പുകൾ, ബോധവൽക്കരണം, സുരക്ഷിത സ്ഥാനങ്ങൾ കണ്ടെത്തൽ, രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനം എന്നിവ ഉൾപ്പെടുന്നു.
2. ***ലഘൂകരണം*** *(Mitigation):* ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള ഹ്രസ്വകാല ദീർഘകാല നടപടികൾ (ഉദാ: ബണ്ടുകൾ നിർമ്മിക്കുക, മരങ്ങൾ നടുക).
3. ***പ്രതികരണം*** *(Response):* ദുരന്തസമയത്ത് ചെയ്യേണ്ട കാര്യങ്ങൾ ആളുകളെ ഒഴിപ്പിക്കൽ, വൈദ്യസഹായം നൽകൽ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട സ്രോതസ്സുകൾ.

4. ***വീണ്ടെടുക്കൽ*** (Recovery): ദുരന്താനന്തരം സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുന്നതിനുള്ള നടപടികൾ പുനരധിവാസം, ഉപജീവനമാർഗ്ഗങ്ങൾ തിരികെ കൊണ്ടുവരൽ സംബന്ധിച്ച വിവരങ്ങൾ

ഈ പദ്ധതികൾ ഉന്നതിയിലെ സാഹചര്യങ്ങൾക്കനുസരിച്ച് വിശദമായി തയ്യാറാക്കുന്നു.

» ***ഘട്ടം 9: ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രാദേശിക ദുരന്ത നിവാരണ പദ്ധതികളുമായി ഏകോപിപ്പിക്കുക.***

***ലക്ഷ്യം:*** ഉന്നതി തലത്തിലെ പദ്ധതികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതികളുമായി സംയോജിപ്പിക്കുക.

അവസാന ഘട്ടത്തിൽ, ഉന്നതി തലത്തിൽ തയ്യാറാക്കിയ ദുരന്ത നിവാരണ പദ്ധതികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള ദുരന്ത നിവാരണ പദ്ധതികളുമായി സംയോജിപ്പിക്കുന്നു. ഇത് പ്രാദേശിക തലത്തിൽ ഒരു ഏകീകൃതദുരന്തനിവാരണസംവിധാനംഉറപ്പാക്കുന്നു. ഉന്നതിയിലെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു ലഭ്യമാവുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വവും പിന്തുണയും ഉന്നതി തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നു. ഈ ഏകോപനം ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമത നൽകും.

# ഉന്നതിതല ദുരന്തനിവാരണ പദ്ധതികളിൽ തദ്ദേശീയ അറിവുകളുടെ സംയോജനം

## അദ്ധ്യായം 2

ഒരു സമൂഹത്തിന്റെ ദുരന്തങ്ങളെ നേരിടാനുള്ള ശേഷിക്ക് അതിന്റെ തനതായ അറിവുകളും പ്രാദേശിക വൈദഗ്ധ്യവും നിർണായക പങ്ക് വഹിക്കുന്നു. പ്രത്യേകിച്ചും പട്ടിക വർഗ്ഗ ഉന്നതികളെ സംബന്ധിച്ചിടത്തോളം, നൂറ്റാണ്ടുകളായി പ്രകൃതിയോടിണങ്ങി ജീവിച്ച് ആർജ്ജിച്ചെടുത്ത തദ്ദേശീയ അറിവുകൾ പ്രകൃതിക്ഷോഭങ്ങളെയും മറ്റ് ദുരന്തങ്ങളെയും അതിജീവിക്കാൻ സഹായിക്കുന്ന അമൂല്യമായ വിഭവങ്ങളാണ്. ഈ അധ്യായം, ഉന്നതിതല ദുരന്തനിവാരണ പദ്ധതികളിൽ തദ്ദേശീയ അറിവുകളെ എങ്ങനെ ഫലപ്രദമായി ഉൾക്കൊള്ളിക്കാമെന്നും, അവയെ ശാസ്ത്രീയമായ മാനദണ്ഡങ്ങളുമായി സമന്വയിപ്പിച്ച് എങ്ങനെ പ്രയോജനപ്പെടുത്താമെന്നും വിശദീകരിക്കുന്നു.

***തദ്ദേശീയ അറിവുകളുടെ ആവശ്യകത***

***ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുമ്പോൾ തദ്ദേശീയ അറിവുകൾക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. അവയുടെ പ്രാധാന്യം താഴെ പറയുന്നവയാണ്:***

1. തദ്ദേശീയ അറിവുകൾ പ്രാദേശിക പാരിസ്ഥിതിക സവിശേഷതകളെയും, ദുരന്തസാധ്യതകളെയും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു. ഒരു പ്രദേശത്തെ കാലാവസ്ഥാ വ്യതിയാനങ്ങൾ, മണ്ണിന്റെ സ്വഭാവം, ജലസ്രോതസ്സുകൾ, സസ്യജന്തുജാലങ്ങൾ എന്നിവയെക്കുറിച്ചുള്ള പരമ്പരാഗത ധാരണകൾ ദുരന്തസാധ്യതകൾ എന്നിവ മുൻകൂട്ടി കാണുന്നതിനും ലഘൂകരിക്കുന്നതിനും സഹായകമാണ്.
2. പലപ്പോഴും, തദ്ദേശീയ വിജ്ഞാനം ചെലവ് കുറഞ്ഞതും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയുന്നതുമായ പരിഹാരങ്ങൾ നൽകുന്നു. ഇത് ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായ ദുരന്തപ്രതിരോധ സംവിധാനങ്ങൾ കെട്ടിപ്പടുക്കാൻ സഹായിക്കും.
3. തദ്ദേശീയ അറിവുകൾ ഉൾപ്പെടുത്തുന്നത് ദുരന്തനിവാരണ പദ്ധതികളിൽ പ്രാദേശിക സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. ഇത് പദ്ധതികൾക്ക് കൂടുതൽ സ്വീകാര്യതയും ഉടമസ്ഥതാബോധവും നൽകുകയും അതുവഴി അവയുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നു.
4. പരമ്പരാഗതമായി ദുരന്തങ്ങളെ നേരിട്ട് അനുഭവിച്ചറിഞ്ഞ ഒരു സമൂഹത്തിന്, അവയെ അതിജീവിക്കാനുള്ള തനതായ പ്രതിരോധശേഷി ഉണ്ടായിരിക്കും. ഈ പ്രതിരോധശേഷി ശാക്തീകരിക്കുന്നത് ഭാവി ദുരന്തങ്ങളെ നേരിടാൻ അവരെ കൂടുതൽ പ്രാപ്തരാക്കും.
5. തദ്ദേശീയ അറിവുകൾ ഒരു സമൂഹത്തിന്റെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ഭാഗമാണ്. ഇവയെ സംരക്ഷിക്കുകയും ദുരന്തനിവാരണത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത് സാംസ്കാരികപരമായ പ്രാധാന്യം ഉറപ്പാക്കുന്നു.

***തദ്ദേശീയ അറിവുകൾ എങ്ങനെ തിരിച്ചറിയാം?***

1. തദ്ദേശീയ അറിവുകൾ തിരിച്ചറിയുന്ന പ്രക്രിയയ്ക്ക് സൂക്ഷ്മമായ സമീപനം ആവശ്യമാണ്. ഇതിനായി പ്രാദേശിക സമൂഹവുമായി ആഴത്തിലുള്ള ആശയവിനിമയം ഉറപ്പാക്കുകയും, അവരുടെ വിശ്വാസങ്ങളെയും ജീവിതരീതികളെയും മാനിക്കുകയും ചെയ്യുന്നവയാകണം.
2. ഉന്നതിയിലെ മുതിർന്നവരുമായും, പരമ്പരാഗത വൈദ്യന്മാരുമായും, പരമ്പരാഗത നേതാക്കളുമായും സംവദിക്കുക. സംവാദങ്ങൾ,

അഭിമുഖങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയിലൂടെ വിവരങ്ങൾ ശേഖരിക്കാം. പ്രാദേശിക ഭാഷയും ആചാരങ്ങളും മനസ്സിലാക്കി, വിശ്വാസ്യതയും തുറന്ന സമീപനവും വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്.

3. പലപ്പോഴും, തദ്ദേശീയ അറിവുകൾ കഥകളിലൂടെയും പാട്ടുകളിലൂടെയും തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നു. ഇവ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുന്നത് പ്രധാനമാണ്. പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ചുള്ള അവരുടെ നിരീക്ഷണങ്ങൾ, സസ്യങ്ങളുടെയും മൃഗങ്ങളുടെയും പെരുമാറ്റരീതികൾ എന്നിവ ദുരന്തസൂചനകളായി അവർ കണക്കാക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
4. കൃഷിരീതികൾ, ജലസംരക്ഷണം, വീടുകളുടെ നിർമ്മാണം, ഭക്ഷ്യവസ്തുക്കളുടെ ശേഖരണം എന്നിവയിലെല്ലാം ദുരന്തപ്രതിരോധത്തിനുള്ള തദ്ദേശീയ സമ്പ്രദായങ്ങൾ ഒളിഞ്ഞിരിക്കുന്നുണ്ടാവാം. ഇവ നേരിട്ട് നിരീക്ഷിച്ച് പഠിക്കുന്നത് പ്രയോജനകരമാണ്.
5. തദ്ദേശീയമായി ദുരന്തസാധ്യതയുള്ള പ്രദേശങ്ങളെയും, സുരക്ഷിത താവളങ്ങളെയും, ജലസ്രോതസ്സുകളെയും തിരിച്ചറിയാൻ കമ്മ്യൂണിറ്റി മാപ്പിംഗ് (ഈീാൗിശ്യേ ങമുുശിഴ) പോലുള്ള പങ്കാളിത്തപരമായ രീതികൾ ഉപയോഗിക്കാം. ഇത് പ്രാദേശിക സമൂഹത്തിന്റെ കാഴ്ചപ്പാടിൽ നിന്നുള്ള വിവരങ്ങൾ രേഖപ്പെടുത്താൻ സഹായിക്കും.
6. ശേഖരിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും ക്രോഡീകരിക്കുകയും ചെയ്യുക. ഇത് വാക്കാലുള്ള വിവരങ്ങളാണെങ്കിൽ അവ വീഡിയോ, ഓഡിയോ റെക്കോർഡിംഗുകളായും, എഴുതപ്പെട്ട രൂപത്തിലുമാണെങ്കിൽ രേഖകളായും സൂക്ഷിക്കുക.

***തദ്ദേശീയ അറിവുകളെ ശാസ്ത്രീയ മാനദണ്ഡങ്ങളുമായി എങ്ങനെ സമന്വയിപ്പിക്കാം?***

1. തദ്ദേശീയ അറിവുകൾക്ക് അതിന്റേതായ മൂല്യമുണ്ടെങ്കിലും, അവയെ ആധുനിക ദുരന്തനിവാരണത്തിന്റെ ഭാഗമാക്കുമ്പോൾ ശാസ്ത്രീയമായ മാനദണ്ഡങ്ങളുമായി സമന്വയിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇത് അറിവുകളുടെ സാധുതയും, പ്രായോഗികതയും, വിശ്വാസ്യതയും ഉറപ്പാക്കുന്നു.
2. ഉന്നതിയിലെ ശാസ്ത്രീയ വിഷയങ്ങളിൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരും, ദുരന്തനിവാരണ പരിശീലനങ്ങൾ ലഭിച്ചിട്ടുള്ള സന്നദ്ധ സേവകരും, തദ്ദേശീയ അറിവുള്ളവരുമായി ഒരുമിച്ച് പ്രവർത്തിക്കണം. തദ്ദേശീയ അറിവുകളെ താഴ്ത്തിക്കെട്ടാതെ, അതിലെ പ്രസക്തമായ കാര്യങ്ങളെ ശാസ്ത്രീയ കാഴ്ചപ്പാടിൽ വിലയിരുത്താൻ ശ്രമിക്കുക.
3. തദ്ദേശീയ അറിവുകളിലെ പ്രവചനങ്ങൾക്കും പ്രതിരോധ മാർഗ്ഗങ്ങൾക്കും ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനമുണ്ടോ എന്ന് പരിശോധിക്കുക. ഉദാഹരണത്തിന്, ഒരു പ്രത്യേക സസ്യത്തെ ദുരന്തസൂചകമായി കാണുന്നുണ്ടെങ്കിൽ, അതിന്റെ പാരിസ്ഥിതികപരമായ മാറ്റങ്ങൾ പഠനവിധേയമാക്കിയിട്ടുള്ള പഠനങ്ങൾ പരിശോധിച്ചു വിലയിരുത്താം .
4. തദ്ദേശീയ അറിവുകളെ ആധുനിക ഡാറ്റാബേസുകളിലും, ഭൂപടങ്ങളിലും, പ്രവചന മാതൃകകളിലും ഉൾപ്പെടുത്താൻ ശ്രമിക്കുക. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റംസ് (ഏകട) പോലുള്ള സാങ്കേതിക വിദ്യകൾ ഇതിന് സഹായകമാകും. ഇതിനായി സന്നദ്ധ സംഘടനകൾ, അടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം തേടാം.
5. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ, ഭൂമിശാസ്ത്ര പഠന കേന്ദ്രങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ വിദഗ്ദ്ധരുമായി സഹകരിച്ച് തദ്ദേശീയ അറിവുകളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്താം. ഇത് അറിവുകൾക്ക് ശാസ്ത്രീയമായ സാധുത നൽകും.
6. തദ്ദേശീയ അറിവുകളെ ശാസ്ത്രീയമായി വിശദീകരിക്കുമ്പോൾ തന്നെ, ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ച് ഗോത്രവർഗ്ഗ സമൂഹത്തിന് അവബോധം നൽകണം. ഗൂഗിൾ എർത് പോലുള്ള എല്ലാവർക്കും പെട്ടെന്ന് പഠിക്കാൻ സാധിക്കുന്ന ശാസ്ത്രവിദ്യകൾ ഉന്നതിനിവാസികൾക്കു പകർന്നുനല്കാവുന്നതാണ്.
7. സമന്വയിപ്പിച്ച അറിവുകൾ ശാസ്ത്രീയമായി രേഖപ്പെടുത്തുകയും, പ്രാദേശിക സമൂഹത്തിന് മനസ്സിലാകുന്ന ഭാഷയിലും രൂപത്തിലും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

***ദുരന്തനിവാരണ പദ്ധതികളിൽ തദ്ദേശീയ അറിവുകൾ എങ്ങനെ ഉൾപ്പെടുത്താം?***

തദ്ദേശീയ അറിവുകളെ ദുരന്തനിവാരണ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ക്രിയാത്മകമായി ഉൾപ്പെടുത്തേണ്ടതുണ്ട്.

***മുന്നൊരുക്ക ഘട്ടം*** *(Preparedness Plan)*

മുന്നൊരുക്ക ഘട്ടത്തിൽ തദ്ദേശീയ അറിവുകൾ താഴെ പറയുന്ന രീതികളിൽ പ്രയോജനപ്പെടുത്താം:

1. പ്രാദേശിക സമൂഹത്തിന്റെ ദുരന്തങ്ങളെക്കുറിച്ചുള്ള പരമ്പരാഗത ധാരണകൾ, ദുരന്തസാധ്യതയുള്ള പ്രദേശങ്ങൾ, വെള്ളപ്പൊക്കത്തിന്റെയോ ഉരുൾപൊട്ടലിന്റെയോ സാധ്യതകൾ എന്നിവ തദ്ദേശീയ അറിവുകളിലൂടെ തിരിച്ചറിയാൻ സാധിക്കും. ഉദാഹരണത്തിന്, പുഴയുടെ ഒഴുക്കിന്റെ വേഗതയും, നിറവും മുൻ നിർത്തി പരിസരത്തെ ഉയർന്ന പ്രദേശങ്ങളിൽ ഉരുൾ പൊട്ടിയിട്ടുണ്ടോ എന്നും ഉന്നതി അപകട ഭീഷണിയിലാണോ എന്നും മനസ്സിലാക്കാൻ പ്രദേശവാസികൾക്ക് കഴിഞ്ഞേക്കും.
2. പ്രകൃതിയിലെ മാറ്റങ്ങൾ, മൃഗങ്ങളുടെ പെരുമാറ്റം, കാലാവസ്ഥാ സൂചകങ്ങൾ എന്നിവയെക്കുറിച്ചുള്ള തദ്ദേശീയമായ അറിവുകൾ അപകട സൂചനകൾ മുൻകൂട്ടി അറിയാൻ സഹായിക്കും. ഇവയെ ആധുനിക മുന്നറിയിപ്പ് സംവിധാനങ്ങളുമായി (ഉദാ: സൈറൺ, മൊബൈൽ അലർട്ടുകൾ) സംയോജിപ്പിക്കുന്നത് ഫലപ്രാപ്തി വർദ്ധിപ്പിക്കും. പരമ്പരാഗതമായി ആളുകൾ സുരക്ഷിതമെന്ന് കരുതുന്ന ഉയർന്ന പ്രദേശങ്ങളും, സുരക്ഷിതമായി വെള്ളം ലഭിക്കുന്ന സ്രോതസ്സുകളും ദുരന്തനിവാരണ ഭൂപടങ്ങളിൽ രേഖപ്പെടുത്തുക.
3. തദ്ദേശീയമായ നിർമ്മാണ സാമഗ്രികൾ, പരമ്പരാഗത രക്ഷാപ്രവർത്തന രീതികൾ, പ്രാദേശികമായി ലഭിക്കുന്ന ഔഷധ സസ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് ദുരന്തഘട്ടത്തിൽ പ്രയോജനപ്പെടുത്താൻ കഴിയും.

***പ്രതികരണ ഘട്ടം*** *(Response Plan)*

പ്രതികരണ ഘട്ടത്തിൽ തദ്ദേശീയ അറിവുകൾക്ക് അതിജീവനത്തിൽ നിർണായക പങ്കുവഹിക്കാൻ കഴിയും:

1. പ്രാദേശിക ഭൂപ്രകൃതിയെക്കുറിച്ചും, സുരക്ഷിതമായ പാതകളെക്കുറിച്ചുമുള്ള തദ്ദേശീയ അറിവുകൾ രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ സാമഗ്രികൾ എത്തിക്കുന്നതിനും സഹായകമാണ്.
2. പ്രാദേശികമായ നിർമ്മാണ വിദ്യകളും, ലഭ്യമായ വസ്തുക്കളും ഉപയോഗിച്ച് താൽക്കാലിക അഭയകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള അറിവ് ദുരന്തബാധിതർക്ക് വേഗത്തിൽ സുരക്ഷിത ഇടം ഒരുക്കാൻ സഹായിക്കും.
3. ദുരന്തങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന മാനസികവും സാമൂഹികവുമായ ആഘാതങ്ങളെക്കുറിച്ച് തദ്ദേശീയ സമൂഹത്തിന് ആഴത്തിലുള്ള ധാരണയുണ്ടാവാം. പരമ്പരാഗതമായ ആശ്വാസ രീതികളും, സാമൂഹിക പിന്തുണ നൽകുന്ന രീതികളും പുനരധിവാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താം.

***വിഭവങ്ങളും ശേഷി വികസനവും*** *(Resources and Capacity Development Plans)*

തദ്ദേശീയ അറിവുകൾ വിഭവങ്ങളെയും ശേഷിയെയും വികസിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു:

1. തദ്ദേശീയ അറിവുള്ളവരെ ദുരന്തനിവാരണ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുക. അവരുടെ അറിവുകൾ അടുത്ത തലമുറയ്ക്ക് പകർന്നു നൽകുന്നതിനും, ആധുനിക സാങ്കേതികവിദ്യകളുമായി സംയോജിപ്പിച്ച് പുതിയ പരിശീലന മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനും ഇത് സഹായിക്കും.
2. തദ്ദേശീയരായ യുവജനങ്ങളെയും സന്നദ്ധപ്രവർത്തകരെയും ഉൾപ്പെടുത്തി ദുരന്തനിവാരണ വളണ്ടിയർ ശൃംഖല രൂപീകരിക്കുക. അവർക്ക് തദ്ദേശീയവും ആധുനികവുമായ ദുരന്തനിവാരണ രീതികളിൽ പരിശീലനം നൽകുക.
3. പരമ്പരാഗതമായി സംരക്ഷിച്ചുപോരുന്ന വിത്തുകൾ, ഔഷധ സസ്യങ്ങൾ, ജലസ്രോതസ്സുകൾ തുടങ്ങിയവ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക. ഇത് ദുരന്താനന്തര പുനർനിർമ്മാണത്തിൽ സഹായകമാകും.

# ഉന്നതിതല ദുരന്ത നിവാരണ സന്നദ്ധ സംഘം (Hamlet Resource Groups- HRGs) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

## അദ്ധ്യായം 3

ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി ഉന്നതിതലത്തിൽ ഒരു സംഘം രൂപീകരിക്കുന്നതിനും, അതിൽ വിവിധ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിനും, അവരെ സാമൂഹിക വോളന്റീർമാരായി കണക്കാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ താഴെ നൽകുന്നു:

ഉന്നതിയിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ ദുരന്ത നിവാരണ സംഘം (HRG) രൂപീകരിക്കുന്നത് ദുരന്തങ്ങളെ ഫലപ്രദമായി നേരിടാൻ അത്യാവശ്യമാണ്. HRG ദുരന്ത നിവാരണത്തിന്റെ വിവിധ ഘട്ടങ്ങളിലും പദ്ധതി തയ്യാറാക്കുന്നതിലും സാമൂഹിക വോളന്റീർമാരായി പ്രവർത്തിക്കും.

### *1. സംഘത്തിന്റെ ഘടനയും അംഗങ്ങളും:*

- ഉന്നതിയിലെ എല്ലാ ജനവിഭാഗങ്ങളെയും (സ്ത്രീകൾ, പുരുഷന്മാർ, ട്രാൻസ്ജെൻഡർ, യുവാക്കൾ, മുതിർന്നവർ, പരമ്പരാഗത അറിവുള്ളവർ, അതിദരിദ്രർ, വ്യത്യസ്ത തൊഴിൽ മേഖലയിലുള്ളവർ, അംഗൻവാടി ടീച്ചർ, ആശ, ഊരുകൂട്ടം വോളന്റീർമാർ, ഉന്നതിയിലെ ഫോറെസ്റ്റ് വാച്ചർമാർ, സാക്ഷരത പ്രേരക്മാർ, വിദ്യാഭ്യാസം ലഭിച്ച യുവതീ യുവാക്കൾ എന്നിവർ) ഉൾപ്പെടുത്തിക്കൊണ്ട് ഒഞഏ രൂപീകരിക്കുക. ഉന്നതിയുടെ ഭാഗമായുള്ള എല്ലാ ജനവിഭാഗങ്ങളുടെയും പ്രാതിനിധ്യം ഒഞഏകളിൽ പ്രധാനമാണ്. എല്ലാവരുടെയും കാഴ്ചപ്പാടുകളും കഴിവുകളും പ്രത്യേക ആവശ്യങ്ങളും മനസ്സിലാക്കാനും അതിനനുസരിച്ചുള്ള ഉൾച്ചേർന്ന പദ്ധതികൾ തയ്യാറാക്കാനും സംഘത്തിലെ വൈവിധ്യം സഹായകമാകും.
- സമൂഹത്തിൽ സ്വാധീനമുള്ളവരും നേതൃത്വഗുണങ്ങളുള്ളവരുമായ വ്യക്തികളെ സംഘത്തിന്റെ നേതൃത്വത്തിലേക്ക് പരിഗണിക്കാവുന്നതാണ്. ഊരുമൂപ്പൻ, വാർഡ് മെമ്പർ, ആശാ വർക്കർമാർ, യുവജന ക്ലബ്ബ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തണം.
- ഓരോ ദുരന്തഘട്ടത്തിലും (പ്രധാനമായും മുന്നൊരുക്കം, പ്രതികരണം, പുനരധിവാസം) പ്രത്യേക ചുമതലകൾ നിർവഹിക്കാൻ കഴിയുന്നവരെ കണ്ടെത്തുക. ഉദാഹരണത്തിന്, മുന്നറിയിപ്പ് സംബന്ധിയായ ആശയവിനിമയം, രക്ഷാപ്രവർത്തനം, ദുരിതാശ്വാസ വിതരണം, വൈദ്യസഹായം, പുനരധിവാസം എന്നിവയ്ക്ക് പ്രത്യേകം ആളുകളെ നിയോഗിക്കാം.

### *2. പരിശീലനവും ശേഷി വികസനവും:*

- തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട സമഗ്രമായ പരിശീലനം നേടേണ്ടത് അനിവാര്യമാണ്. ഇതിൽ പ്രാഥമിക ശുശ്രൂഷ, തിരച്ചിൽ, രക്ഷാപ്രവർത്തനം, ദുരിതാശ്വാസ ക്യാമ്പ് മാനേജ്മെന്റ്, മുന്നറിയിപ്പ് സംബന്ധിയായ ആശയവിനിമയം, ദുരന്ത ലഘൂകരണ തന്ത്രങ്ങൾ എന്നിവയിൽ ഒഞഏകൾ അറിവ് നേടണം.
- ഉന്നതിയിലെ സവിശേഷ ദുരന്തങ്ങളും, സാധ്യതകളും പ്രാദേശിക വെല്ലുവിളികളും (ഭാഷാപരമായ തടസ്സങ്ങൾ) പരിഗണിച്ച് പ്രാദേശിക ഭാഷയിൽ ഉന്നതിനിവാസികൾക്ക് ദുരന്തത്തെ കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കുക..
- പ്രാദേശികവും പരമ്പരാഗതവുമായ അറിവുകൾ ദുരന്ത നിവാരണ പരിശീലനങ്ങളിലൂടെ എങ്ങനെ ഉൾപ്പെടുത്തുകയും രേഖപ്പെടുത്തുകയും ചെയ്യാമെന്ന് മനസ്സിലാക്കുക.

***3. ചുമതലകളും ഉത്തരവാദിത്തങ്ങളും:***

- ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ പ്രധാന പങ്കാളികൾ ഒഞഏ അംഗങ്ങളായിരിക്കും.
- പ്രാദേശികമായ അറിവുകളും അനുഭവങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്താൻ സഹായിക്കുക.
- ഔദ്യോഗിക മുന്നറിയിപ്പുകൾ പ്രാദേശിക ഭാഷയിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സഹായിക്കുക. മൊബൈൽ വഴിയുള്ള മുന്നറിയിപ്പുകൾ മനസ്സിലാക്കാൻ കഴിയാത്ത/വായിക്കാൻ ബുദ്ധിമുട്ട് ഉള്ളവർക്ക് വിവരങ്ങൾ നേരിട്ട് കൈമാറുക.
- ദുരന്തസമയങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ, പ്രാഥമിക ശുശ്രൂഷ, ദുരിതാശ്വാസ വിതരണം എന്നിവയിൽ സഹായിക്കുക.
- അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട രക്ഷാമാർഗ്ഗങ്ങളെക്കുറിച്ച് സമൂഹത്തിന് അവബോധം നൽകുകയും, ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിന് സഹായിക്കുകയും ചെയ്യുക.
- മഴയുള്ള കാലഘട്ടങ്ങളിൽ സംഘത്തിലെ അംഗങ്ങൾ അപകടസാധ്യതകൾ നിരീക്ഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
- ദുരന്താനന്തര പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കുചേരുക. സമൂഹത്തിന്റെ മാനസികാരോഗ്യ പിന്തുണ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ദുരന്തങ്ങളെക്കുറിച്ചും അവയെ നേരിടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സമൂഹത്തിൽ നിരന്തരമായ ബോധവൽക്കരണം നടത്തുക. പ്രത്യേക ഊരുകൂട്ടങ്ങൾ ഇതിനായി ഉപയോഗിക്കാം.

***4. പിന്തുണയും ഏകോപനവും:***

- ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, സ്രോതസ്സുകളുടെ ശേഖരണത്തിനും പദ്ധതി സംബന്ധ പ്രവർത്തനങ്ങൾക്കുമായി വിവിധ വകുപ്പുകളുടെ അനുമതിയും ഏകോപനവും ആവശ്യമുണ്ട്. വനം വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പഞ്ചായത്ത്), ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ആരോഗ്യവകുപ്പ്, അഗ്നിശമന സേന, പോലീസ് തുടങ്ങിയ സർക്കാർ ഏജൻസികളുമായി സംഘം നിരന്തരം ബന്ധപ്പെടുകയും ഏകോപിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
- ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, സാമഗ്രികൾ, മറ്റ് വിഭവങ്ങൾ എന്നിവ സംഘത്തിന് ലഭ്യമാക്കാൻ വിവിധ വകുപ്പുകൾ സഹായിക്കുക. ഇതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഒഞഏകളെ സഹായിക്കേണ്ടതാണ്.

# പൊതു വിവരങ്ങൾ

## അദ്ധ്യായം 4

ഉന്നതിയെ കുറിച്ചുള്ള പൊതു വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തേണ്ടത്. ഉന്നതിയുടെ അതിർത്തി, വാർഡുകൾ എന്നിവ രേഖപ്പെടുത്തിയ ഭൂപടം ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പ്രൊമോട്ടർമാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള സോഷ്യൽ മാപ്പുമായി ഈ മാപ്പുകൾ ഒത്തുപോകുന്നു എന്ന് ഉറപ്പുവരുത്തണം.

ജനസംഖ്യ, അതിർത്തി പോലുള്ള വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലെ വിവരങ്ങളും, പ്രാദേശിക സർകാറുകളുടെ കയ്യിലെ വിവരങ്ങളും ഒത്തുനോക്കി നിജപ്പെടുത്തണം. ഉപയോഗിക്കുന്ന ഡാറ്റാ ഉറവിടം പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.

- ഉന്നതിയുടെ പേര്: ഈ വിഭാഗത്തിൽ, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്ന ഉന്നതിയുടെ ഔദ്യോഗിക പേര്, പ്രാദേശികമായ പേര് എന്നിവ വ്യക്തമായി രേഖപ്പെടുത്തുക.
- പട്ടിക വർഗ്ഗ വിഭാഗത്തിന്റെ / വിഭാഗങ്ങളുടെ പേര്: ഉന്നതിയിൽ വസിക്കുന്നഗോത്രവിഭാഗങ്ങളുടെ പേര് രേഖപ്പെടുത്തുക. മറ്റു ജനവിഭാഗങ്ങൾ ഉന്നതിയിൽ വസിക്കുന്നുണ്ടെങ്കിൽ ആ വിവരങ്ങളും രേഖപ്പെടുത്തുക.
- സ്ഥലം: ഉന്നതി സ്ഥിതിചെയ്യുന്ന പ്രദേശം (പ്രാദേശിക പേര്),
- വാർഡ് നമ്പർ
- വാർഡിന്റെ പേര്
- ഗ്രാമപഞ്ചായത്ത്
- ആകെ വിസ്തീർണ്ണം: ഉന്നതിയുടെ ആകെ വിസ്തീർണ്ണം ചതുരശ്ര കിലോമീറ്ററിൽ (ച.കി.മീ.) രേഖപ്പെടുത്തുക.
- അതിരുകളും അതിരടയാളങ്ങളും: ഉന്നതിയുടെ അതിരുകളും അതിരടയാളങ്ങളും (സമീപത്തുള്ള ഗ്രാമങ്ങൾ, വനങ്ങൾ, നദികൾ, മലകൾ തുടങ്ങിയവ) വ്യക്തമാക്കുക. ജനസംഖ്യയും ഭവനങ്ങളും
- ജനസംഖ്യ: ഉന്നതിയിലെ ആകെ ജനസംഖ്യ, സ്ത്രീപുരുഷ അനുപാതം, കുട്ടികളുടെയും വയോജനങ്ങളുടെയും എണ്ണം, ഭിന്നശേഷിക്കാർ, രോഗികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുക.

| ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷന്മാർ | ട്രാന്സ്ജെന്ഡേഴ്സ് |
|---|---|---|---|
| | | | |

***ജനസംഖ്യ വയസ്സ് അടിസ്ഥാനമാക്കിയുള്ള തിരിക്കൽ***

| 0 - 6 | 7 - 18 | 19 - 40 | 41 - 60 | 60 വയസ്സിനു മുകളിൽ |
|---|---|---|---|---|
| | | | | |

ഭിന്നശേഷിക്കാർ (ജംഉം): ഉന്നതിയിലെ ഭിന്നശേഷിക്കാരുടെ എണ്ണം:
(താഴെ നൽകിയിട്ടുള്ള പട്ടിക പദ്ധതിയിൽ നൽകേണ്ടതില്ല. യിൽ ഉൾപ്പെടുന്ന ആരോഗ്യ വോളന്റീയർമാർ ഈ പട്ടികയിൽ ഭിന്നശേഷിക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു കാലാനുസൃതമായി പരിഷ്കരിച്ചു സൂക്ഷിക്കുക.)

| ക്രമം | വ്യക്തിയുടെ പേര് | ഭിന്നശേഷിയുടെ തരം | ആവശ്യമായ പ്രത്യേക സഹായം | രുന്നുകളും ഉപകരണങ്ങളും | ആശ്രയിക്കുന്ന വ്യക്തി/നമ്പർ |
|---|---|---|---|---|---|
| 1<br>2<br>3<br>4<br>5 | » വ്യക്തിയുടെ പേര്:<br>» വയസ്സ്:<br>» വീട്ടുപേരും വിലാസവും:<br>» ബന്ധപ്പെടാനുള്ള നമ്പർ:<br>» അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടാൻ കഴിയുന്ന അടുത്ത ബന്ധുക്കളുടെ/കൂട്ടുകാരുടെ നമ്പർ: ഭിന്നശേഷിയുടെ തരം: (ഉദാഹരണത്തിന്, ശാരീരികം, കാഴ്ച, കേൾവി, മാനസികം, സംസാരശേഷിക്കുറവ്) | » ഏതെങ്കിലും പ്രത്യേക ഉപകരണങ്ങളുടെ സഹായം ആവശ്യമുള്ള ആളാണോ? (ഉദാഹരണത്തിന്, വീൽചെയർ, ഊന്നുവടി, ശ്രവണ സഹായി, കൃത്രിമ അവയവങ്ങൾ)<br>» ഒരു ദുരന്ത സമയത്ത് ഇവർക്ക് പ്രത്യേക സഹായം ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ എന്ത് തരം സഹായമാണ് വേണ്ടത്? | » ജീവൻ നിലനിർത്താൻ വൈദ്യുതിയോ മറ്റു ഊർജ്ജസ്രോതസ്സുകളോ ആവശ്യമായ ഉപകരണങ്ങൾ (ഉദാഹരണത്തിന്, വെന്റിലേറ്റർ, ഓക്സിജൻ ടാങ്ക്, നെബുലൈസർ) ഉപയോഗിക്കുന്നുണ്ടോ?<br>» അത്തരത്തിലുള്ള ഉപകരണങ്ങൾക്ക് ബാറ്ററി ബാക്കപ്പ് ഉണ്ടോ? ഉണ്ടെങ്കിൽ എത്ര മണിക്കൂർ വരെ പ്രവർത്തിക്കും?<br>» പ്രത്യേക പ്രതിരോധ കുത്തിവെപ്പുകൾ എടുക്കേണ്ടതുണ്ടോ?<br>» പ്രത്യേക ഭക്ഷണക്രമം ആവശ്യമുണ്ടോ? | » നിർബന്ധമായി കഴിക്കേണ്ട മരുന്നുകൾ ഏതെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ അവയുടെ പേര്, അളവ്, കഴിക്കേണ്ട സമയം എന്നിവ രേഖപ്പെടുത്തുക. | |

» ദുർബല വിഭാഗങ്ങൾ: കുട്ടികൾ, വയോജനങ്ങൾ, രോഗികൾ, ഗർഭിണികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുക.

» ഭവനങ്ങൾ: ഉന്നതിയിലെ ആകെ ഭവനങ്ങളുടെ എണ്ണം, അവയുടെ തരം (ഓലമേഞ്ഞത്, ഓടിട്ടത്, കോൺക്രീറ്റ്), ദുരന്ത സാധ്യതയുള്ള ഭവനങ്ങൾ എന്നിവയുടെ വിവരങ്ങൾ ചേർക്കുക.

| ആകെ ഭവനങ്ങളുടെ എണ്ണം | ഓലമേഞ്ഞത് | ഓടിട്ടത് | കോൺക്രീറ്റ് |
| --- | --- | --- | --- |
| | | | |

***ഭൂമിശാസ്ത്രപരമായ പശ്ചാത്തലം***

» ഉന്നതിയുടെ മാപ്പ്: ഉന്നതിയുടെ വ്യക്തമായ ഭൂപടം ഉൾപ്പെടുത്തുക. പ്രധാനപ്പെട്ട വഴികൾ, ജലാശയങ്ങൾ, വനപ്രദേശങ്ങൾ, പ്രധാന കെട്ടിടങ്ങൾ, ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ എന്നിവ മാപ്പിൽ അടയാളപ്പെടുത്തണം.

» ഭൂമിശാസ്ത്രപരമായ വിവരണം: ഉന്നതിയുടെ ഭൂപ്രകൃതി, ഉയരം, ചരിവ്, വനസാമീപ്യം, ജലലഭ്യത, നദികൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവയുടെ വിശദമായ വിവരണം നൽകുക

***സാമ്പത്തിക സ്ഥിതി***

ഉന്നതിയിലെ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ ദുരന്ത സാധ്യതകളെയും ദുരന്താനന്തര സഹായങ്ങളെയും വിലയിരുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക സ്ഥിതി താഴെ പറയുന്ന വിഭാഗങ്ങളായി തിരിച്ച് രേഖപ്പെടുത്തുക.

» AAY (മഞ്ഞ കാർഡ്): അന്ത്യോദയ അന്നയോജന കാർഡ് ഉള്ള കുടുംബങ്ങൾ. ഇത് ഏറ്റവും ദരിദ്രരായ വിഭാഗത്തെ സൂചിപ്പിക്കുന്നു.

» മുൻഗണന ഗ്രൂപ്പ് (പിങ്ക് കാർഡ്): മുൻഗണനാ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉള്ള കുടുംബങ്ങൾ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്നവരെയും ഉൾക്കൊള്ളുന്നു.

» സബ്സിഡി ഉള്ളവർ (നീല കാർഡ്): സബ്സിഡി നിരക്കിൽ റേഷൻ ലഭിക്കുന്ന നീല കാർഡ് ഉള്ള കുടുംബങ്ങൾ.

» അതി ദരിദ്രർ: സർക്കാർ കണക്കെടുപ്പുകൾ പ്രകാരം അതി ദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങൾ. ഇവർക്ക് പ്രത്യേക പരിഗണനയും സഹായങ്ങളും ആവശ്യമായി വരും.

»

***കുടുംബങ്ങളുടെ എണ്ണം***

| AAY (മഞ്ഞ കാർഡ്) | മുൻഗണന ഗ്രൂപ്പ് (പിങ്ക് കാർഡ്) | സബ്സിഡി ഉള്ളവർ (നീല കാർഡ്) | അതി ദരിദ്രർ |
| --- | --- | --- | --- |
| | | | |

***സാമ്പത്തിക സ്ഥിതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:***

» ഓരോ കുടുംബത്തെയും നേരിട്ട് സന്ദർശിച്ച് റേഷൻ കാർഡ് വിവരങ്ങളും മറ്റ് സാമ്പത്തിക വിവരങ്ങളും ശേഖരിക്കുക.
» ഗ്രാമപഞ്ചായത്ത്, റേഷൻ കട അധികാരികൾ എന്നിവരുമായി ബന്ധപ്പെട്ട് വിവരങ്ങൾ സ്ഥിരീകരിക്കുക.
» ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം പ്രത്യേകം രേഖപ്പെടുത്തുക.
» ദുരന്ത സമയത്ത് ഏറ്റവും കൂടുതൽ സഹായം ആവശ്യമുള്ള വിഭാഗങ്ങളെ തിരിച്ചറിയാൻ ഈ വിവരങ്ങൾ ഉപയോഗിക്കുക

.

***അടിസ്ഥാന സൗകര്യങ്ങൾ - (Infrastructure)***

ഉന്നതിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും നിലവാരവും ദുരന്ത യയ സാധ്യതകളെയും പ്രതികരണ ശേഷിയെയും സ്വാധീനിക്കും.

» പൊതു/സർക്കാർ കെട്ടിടങ്ങൾ: ഉന്നതിയിലെ പൊതു കെട്ടിടങ്ങൾ (സ്കൂളുകൾ, അങ്കണവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ, സർക്കാർ ഓഫീസുകൾ) എത്രയുണ്ടെന്നും അവയുടെ തരം (എണ്ണം) രേഖപ്പെടുത്തുക.
» സ്വകാര്യ കെട്ടിടങ്ങൾ: ഉന്നതിയിലെ ആകെ സ്വകാര്യ കെട്ടിടങ്ങളുടെ എണ്ണം.
» പാലങ്ങൾ: ഉന്നതിയിലെ പാലങ്ങളുടെ എണ്ണം , തരം (എണ്ണം) എന്നിവ രേഖപ്പെടുത്തുക.
» റാഡുകൾ: ഉന്നതിയിലെ റോഡുകളുടെ എണ്ണം, തരം (എണ്ണം) എന്നിവ രേഖപ്പെടുത്തുക.
» ടെലികമ്മ്യൂണിക്കേഷൻ: മൊബൈൽ കവറേജ്, ഇന്റർനെറ്റ് ലഭ്യത തുടങ്ങിയ ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ (ഉണ്ടോ/ഇല്ലയോ).
» ജലസ്രോതസ്സുകൾ: വെള്ളത്തിന്റെ തരം, സ്രോതസ്സുകൾ (കിണർ, കുഴൽക്കിണർ, പൊതു ടാപ്പ്, പുഴ, കുളം) എന്നിവയുടെ എണ്ണം.
» വൈദ്യുതി: ഉന്നതിയിൽ വൈദ്യുതി ലഭ്യതയുണ്ടോ (ഉണ്ട്/ഇല്ല).

***സാമൂഹികവും ചരിത്രപരവുമായ സവിശേഷതകൾ***

ഉന്നതിയിലെ സാമൂഹികവും ചരിത്രപരവുമായ സവിശേഷതകൾ ദുരന്ത നിവാരണ പ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുമെന്ന് വിലയിരുത്തുക.

» സമൂഹം: ഉന്നതിയിലെ സാമൂഹിക ഘടന, കുടുംബ ബന്ധങ്ങൾ, നേതൃത്വപരമായ കഴിവുകൾ, പരസ്പര സഹായ മനോഭാവം എന്നിവ രേഖപ്പെടുത്തുക. ഉന്നതിയിൽ മറ്റു ജനവിഭാഗങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉന്നതിക്കു പൊതുവായുള്ള സ്ഥലമില്ലാത്ത അവസ്ഥ/വീടുകൾ അങ്ങിങ്ങായി ചിന്നിച്ചിതറിയ അല്ലെങ്കിൽ കൂട്ടം പിരിഞ്ഞ രീതിയിലാണെങ്കിൽ അതും പ്രത്യേകം രേഖപ്പെടുത്തേണ്ടതുണ്ട്.
» ഉപജീവനമാർഗം: പ്രധാന ഉപജീവനമാർഗങ്ങൾ (കൃഷി, ദിവസവേതനം, വനവിഭവ ശേഖരണം, മൃഗസംരക്ഷണം, പരമ്പരാഗത തൊഴിലുകൾ) ദുരന്ത പശ്ചാത്തലത്തിൽ അവയുടെ സ്വഭാവം, ദുരന്തങ്ങൾ ഉപജീവനമാർഗങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നിവ ചേർക്കുക.
» വിശ്വാസങ്ങൾ/ആചാരങ്ങൾ: പ്രധാന വിശ്വാസങ്ങളും ആചാരങ്ങളും അവയുടെ പ്രാധാന്യവും ചേർക്കുക. ഇതുമായി ബന്ധപ്പെട്ട കെട്ടിടങ്ങൾ പോലുള്ളവയുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ടെങ്കിൽ അതും ചേർക്കുക. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഈ വിശ്വാസങ്ങളെ/ ആചാരങ്ങളെ എങ്ങനെ ഉൾപ്പെടുത്താം എന്ന് പരിഗണിക്കുക.
» ഭാഷാപരമായ തടസ്സങ്ങൾ: ഉന്നതിയിലെ ജനങ്ങൾ സംസാരിക്കുന്ന ഭാഷ, ആശയവിനിമയത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള ഭാഷാപരമായ തടസ്സങ്ങൾ എന്നിവ രേഖപ്പെടുത്തുക. മുന്നറിയിപ്പുകൾ പ്രാദേശിക ഭാഷയിൽ നൽകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
» സാക്ഷരത: സാക്ഷരതാ നിലവാരം, വിവരങ്ങൾ മനസ്സിലാക്കുന്നതിലെ വെല്ലുവിളികൾ എന്നിവ ചേർക്കുക. സാക്ഷരത കുറഞ്ഞവർക്ക് വിവരങ്ങൾ എത്തിക്കാൻ പ്രത്യേക മാർഗ്ഗങ്ങൾ (ചിത്രങ്ങളിലൂടെ, വാമൊഴിയിലൂടെ) ആസൂത്രണം ചെയ്യുക.
» പരമ്പരാഗത അറിവ്: സമൂഹത്തിന്റെ പരമ്പരാഗത പാരിസ്ഥിതിക അറിവുകളും ദുരന്ത ലഘൂകരണത്തിൽ അവയുടെ പങ്കും ചേർക്കുക. (ഉദാ: കാലാവസ്ഥാ മാറ്റങ്ങൾ തിരിച്ചറിയാനുള്ള കഴിവ്, സുരക്ഷിതമായ സ്ഥലങ്ങൾ, പരമ്പരാഗത ചികിത്സാ രീതികൾ).

# ദുരന്തങ്ങളും ദുരന്ത സാധ്യതകളും വിശകലനം

## അദ്ധ്യായം 5

ഈ അദ്ധ്യായത്തിൽ, ഊരിന് ഭീഷണിയാകാൻ സാധ്യതയുള്ള ദുരന്തങ്ങളെയും അവയുടെ ആഘാതങ്ങളെയും കുറിച്ച് വിശദമായി വിശകലനം ചെയ്യുന്നു.

***പ്രധാന അപകടങ്ങൾ*** *(Hazards)*

പ്രദേശത്ത് സാധാരണയായി ഉണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങൾ (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, കാറ്റ്, ഇടിമിന്നൽ, വരൾച്ച, മനുഷ്യവന്യജീവി സംഘർഷം, കാട്ടുതീ, പകർച്ചവ്യാധികൾ തുടങ്ങിയവ) അവയുടെ സ്വഭാവം, മുൻകാല അനുഭവങ്ങൾ എന്നിവ രേഖപ്പെടുത്തുക.

***ദുർബലതകൾ*** *(Vulnerabilities)*

» ഒറ്റപ്പെടൽ സാധ്യത: മൺസൂൺ സമയങ്ങളിലോ മറ്റ് ദുരന്ത സാഹചര്യങ്ങളിലോ ഉന്നതി ഒറ്റപ്പെടാൻ സാധ്യതയുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, ഒറ്റപ്പെടലിന് കാരണമാകുന്ന ഘടകങ്ങൾ (റോഡുകൾ തകരുന്നത്, പാലങ്ങൾ മുങ്ങുന്നത്) എന്നിവ ചേർക്കുക.

» പ്രത്യേക സംഭവങ്ങൾ: ഇടിമിന്നൽ, ഭൂകമ്പം, ചുഴലിക്കാറ്റ് തുടങ്ങിയ പ്രത്യേക ദുരന്ത സംഭവങ്ങൾ മുൻപ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ, നാശനഷ്ടങ്ങൾ എന്നിവ രേഖപ്പെടുത്തുക.

» മനുഷ്യവന്യജീവി സംഘർഷം: മനുഷ്യവന്യജീവി സംഘർഷങ്ങൾ (ഉദാ: കാട്ടാന, പന്നി, പുലി എന്നിവയുടെ ആക്രമണം) ഉന്നതിയിൽ ഉണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, നാശനഷ്ടങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ ചേർക്കുക.

» സേവനങ്ങളുടെ ലഭ്യതയും പ്രാപ്യതയും: പ്രധാന സേവനങ്ങളിലേക്കുള്ള (ആശുപത്രി, സർക്കാർ ഓഫീസുകൾ, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, റേഷൻ കട, സ്കൂൾ) ദൂരവും ലഭ്യതയും ലഭ്യതക്കുറവും രേഖപ്പെടുത്തുക. ദുരന്ത സമയത്ത് ഈ സേവനങ്ങൾ എത്രത്തോളം ലഭ്യമാകും എന്ന് വിലയിരുത്തുക.

» ബന്ധപ്പെടുന്ന ഏജൻസികൾ: അപകട/ദുരന്ത സന്ദർഭങ്ങളിൽ സാധാരണ ബന്ധപ്പെടുന്ന ഓഫീസുകൾ, ഏജൻസികൾ, ഇതര സംവിധാനങ്ങൾ (വനം വകുപ്പ്, പോലീസ്, ആരോഗ്യം, ഫയർ & റെസ്ക്യൂ, സന്നദ്ധ സംഘടനകൾ) എന്നിവയുടെ വിവരങ്ങൾ ശേഖരിക്കുക.

» മാനസിക ആഘാതം: ദുരന്തങ്ങൾ ജനങ്ങളിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ചും അതിന് പരിഹാരം കാണുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും (കൗൺസിലിംഗ്, മാനസിക പിന്തുണ) ചേർക്കുക.

»

***ദുരന്തങ്ങളും ദുരന്ത സാധ്യതകളും ചരിത്രപരമായ വിവരങ്ങൾ*** *(Historical Information)*

» പ്രകൃതിയും കാലാവസ്ഥയും: ഉന്നതിയിലെ സാധാരണ കാലാവസ്ഥാ പാറ്റേണുകൾ (ചൂട്, മഴ, തണുപ്പ്, കാട്ടുതീ, കാറ്റ്, വരൾച്ച). ഇവയുടെ സീസണൽ കലണ്ടർ രേഖപ്പെടുത്തുക.

» ആരോഗ്യവും പരിസ്ഥിതിയും: പ്രദേശത്ത് സാധാരണയായി കാണുന്ന രോഗങ്ങൾ, മനുഷ്യനിർമ്മിത അപകടങ്ങൾ, ആരോഗ്യപരമായ ഭീഷണികൾ എന്നിവ.

» മനുഷ്യനും വന്യജീവികളും: പ്രദേശത്ത് കാണുന്ന കീടങ്ങൾ, പ്രാണികൾ, വന്യമൃഗങ്ങൾ, ഉരഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ.

» പ്രധാന ദുരന്ത സംഭവങ്ങൾ: ഉന്നതിയിൽ മുൻപ് സംഭവിച്ച പ്രധാന ദുരന്ത സംഭവങ്ങൾ (വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഇടിമിന്നൽ, വരൾച്ച, ഭൂകമ്പം, തിക്കിലും തിരക്കിലും പെട്ടുണ്ടായ അപകടങ്ങൾ, കാട്ടുതീ, മനുഷ്യവന്യജീവി സംഘർഷം, പകർച്ചവ്യാധികൾ, മണ്ണൊലിപ്പ്) എന്നിവയുടെ വിവരങ്ങൾ.

» ദുരന്ത സാഹചര്യങ്ങളിൽ ഉന്നതിയിലെ

# ദുരന്ത പ്രതികരണ പദ്ധതി (Response Plan)

അദ്ധ്യായം 6

ജനങ്ങൾക്ക് വേഗത്തിലും ഫലപ്രദമായും പ്രതികരിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നു.

***മുന്നറിയിപ്പ് സംവിധാനങ്ങൾ***

» അപകട മുന്നറിയിപ്പ്: അപകട മുന്നറിയിപ്പുകൾ എങ്ങനെ ലഭ്യമാക്കും (മൊബൈൽ ഫോൺ, വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ, ലൗഡ് സ്പീക്കർ, വാർഡ് മെമ്പർമാർ, ആശാ വർക്കർമാർ, സന്നദ്ധ പ്രവർത്തകർ) എന്ന് വ്യക്തമാക്കുക. പ്രാദേശിക ഭാഷയിൽ മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക.

» വിവര കൈമാറ്റം: ദുരന്ത സമയത്ത് വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ (കമ്മ്യൂണിറ്റി റേഡിയോ, ഊരു കൂട്ടങ്ങൾ, പ്രാദേശിക സന്നദ്ധ സംഘങ്ങൾ) മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ചേർക്കുക.

***ഒഴിഞ്ഞുപോകൽ പദ്ധതി (Evacuation Plan)***

» ഒഴിഞ്ഞുപോവാനുള്ള വഴികൾ: അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന രക്ഷാമാർഗ്ഗങ്ങൾ, അവയുടെ തയ്യാറെടുപ്പ്, ബന്ധപ്പെട്ട വകുപ്പുകളുമായുള്ള ഏകോപനം (വനം വകുപ്പ്, പൊതുമരാമത്ത് വകുപ്പ്) എന്നിവ ചേർക്കുക. മാപ്പിൽ ഒഴിപ്പിക്കൽ വഴികൾ അടയാളപ്പെടുത്തുക.

» അപകട സമയത്ത് കൂടിച്ചേരേണ്ട സ്ഥലങ്ങൾ: സുരക്ഷിതമായ കൂടിച്ചേരൽ സ്ഥലങ്ങൾ (Assembly Points) അടയാളപ്പെടുത്തുക. ഈ സ്ഥലങ്ങളിലേക്ക് എത്താനുള്ള വഴികൾ വ്യക്തമാക്കുക. വിവിധ ബോർഡുകൾ സ്ഥാപിക്കുക.

» അഭയകേന്ദ്രങ്ങൾ (Shelters): ദുരന്ത സമയത്ത് ആളുകളെ മാറ്റിപ്പാർപ്പിക്കാൻ കഴിയുന്ന അഭയകേന്ദ്രങ്ങൾ (സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, സർക്കാർ കെട്ടിടങ്ങൾ) കണ്ടെത്തുക. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ (വെള്ളം, ഭക്ഷണം, ശുചിമുറി, വൈദ്യസഹായം) ഉറപ്പാക്കുക

» ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ടുള്ള വിവിധ വിഭവങ്ങളുടെയും സാമഗ്രികളുടെയും ലഭ്യമായ ഇടങ്ങൾ രേഖപ്പെടുത്തുന്നതിന് രേഖാചിത്രങ്ങൾ/ഭൂപടങ്ങൾ തയ്യാറാക്കാവുന്നതാണ്. ഒഴിപ്പിക്കൽ മാർഗങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഭൂപടം തയ്യാറാക്കുമ്പോൾ, ഗൂഗിൾ എർത്ത് പോലെയുള്ള ആപ്പുകൾ ഉപയോഗിച്ച് ലഭ്യമായ അറിവുകളുടെ സാധുത നിർണ്ണയിക്കാവുന്നതും മുൻകാല ഉപഗ്രഹ ചിത്രങ്ങൾ പരിശോധിച്ച് വിലയിരുത്താവുന്നതുമാണ്.

» വിശദമായ പഠനത്തിനും സ്പേഷ്യൽ അവലോകനത്തിനും റി

സ്ക്ക് നിർണ്ണയത്തിനും ഭൂവിവര സാങ്കേതികവിദ്യകൾഉപയോഗിച്ച്പഠനങ്ങൾനട ത്തുന്ന വിവിധ വകുപ്പുകൾ, ഏജൻസികൾ, സർവകലാശാലാ ഡിപ്പാർട്ട്മെന്റുകൾ, ദുര ന്തനിവാരണ അതോറിട്ടികൾ എന്നിവരുടെ സഹായം അഭ്യർഥിക്കാവുന്നതാണ്. ലഭ്യ മായ തദ്ദേശ ദുരന്തനിവാരണ പദ്ധതി രേഖക ളിലെ ഭൂചിത്രങ്ങളും വിഷയചിത്രങ്ങളും ഉപ യോഗിച്ച് ദുരന്തനിവാരണസാധ്യതകളുടെ ആഴത്തിലുള്ള അവലോകനവും നയരൂപ ീകരണത്തിനും വികസനപദ്ധതി രൂപീകരണ ത്തിനും ഉതകുന്ന അപഗ്രഥനവും നടത്താ വുന്നതാണ്. ഉന്നതിക്ക് ഉതകുന്ന രീതി യിൽ ദുരന്തസാധ്യതകൾ കണക്കിലെടുത്ത് കൊണ്ടുള്ള പദ്ധതികൾ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യാവു ന്നതാണ്.

***പ്രഥമ ശുശ്രൂഷയും വൈദ്യസഹായവും***

- » പ്രഥമ ശുശ്രൂഷാ സൗകര്യങ്ങൾ: പ്രഥമ ശു ശ്രൂഷ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉന്നതിയിൽ ഏർപ്പെടുത്തുക. ആവശ്യമായ സാമഗ്രികൾ വാങ്ങി സൂക്ഷിക്കുക.
- » പരിശീലനം: പ്രഥമ ശുശ്രൂഷ നൽകുന്നതി ന് ഉന്നതിയിലെ അംഗങ്ങൾക്ക് പരിശീലനം നൽകുക (ആരോഗ്യ വകുപ്പ്, അഗ്നിശമന സേനയുടെ സഹായത്തോടെ).
- » ആരോഗ്യ സംവിധാനം: ദുരന്ത സമയത്ത് ആരോഗ്യ സംവിധാനവും പ്രഥമ ശുശ്രൂഷ യും ഉറപ്പാക്കാൻ ആരോഗ്യ വകുപ്പുമായി ഏകോപിപ്പിക്കുക.

***ദുരന്ത പ്രതികരണ ടീം (Disaster Response Team - DRT)***

- » ഉന്നതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ദു രന്ത പ്രതികരണ ടീം രൂപീകരിക്കുക. ഈ ടീമിന് രക്ഷാപ്രവർത്തനം, പ്രഥമ ശുശ്രൂഷ, ആശയവിനിമയം തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം നൽകുക- (ERT, ആപദമിത്ര പരിശീലനങ്ങൾ).
- » ടീം അംഗങ്ങളുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുക.

# മുന്നൊരുക്കം, ലഘൂകരണം, സാമൂഹ്യശാക്തീകരണം

## അദ്ധ്യായം 7

ദുരന്തങ്ങൾ ഉണ്ടാകുന്നതിന് മുൻപ് ചെയ്യേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ, ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള ലഘൂകരണ പ്രവർത്തനങ്ങൾ, സമൂഹത്തെ ദുരന്തങ്ങളെ നേരിടാൻ പ്രാപ്തരാക്കുന്നതിനുള്ള ശാക്തീകരണ തന്ത്രങ്ങൾ എന്നിവ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുന്നു.

***മുന്നൊരുക്ക പ്രവർത്തനങ്ങൾ***

» അടിസ്ഥാന സൗകര്യങ്ങൾ: സുരക്ഷിതമായ ഭവനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ ബലപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുക. സംരക്ഷണ ഭിത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കാനുള്ള സംവിധാനങ്ങൾ, നീർച്ചാലുകൾ വൃത്തിയാക്കൽ, മണ്ണൊലിപ്പ് തടയാൻ ആവശ്യമായ നടപടികൾ എന്നിവ ഉൾപ്പെടുത്തുക.

» സാമഗ്രികൾ സംഭരിക്കൽ: ദുരന്ത സമയത്ത് ആവശ്യമായ സാമഗ്രികൾ (വെള്ളം, ഭക്ഷണം, മരുന്ന്, ടോർച്ച്, റേഡിയോ, പുതപ്പ്, വസ്ത്രങ്ങൾ) വാങ്ങി സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

» നിരീക്ഷണം: ദുരന്ത സാധ്യതയുള്ള സമയങ്ങളിൽ സമൂഹം നടത്തുന്ന നിരീക്ഷണ രീതികൾ (കാലാവസ്ഥാ നിരീക്ഷണം, ജലനിരപ്പ് നിരീക്ഷണം, മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങൾ നിരീക്ഷിക്കൽ) ചേർക്കുക.

» മോക്ക് ഡ്രില്ലുകൾ: ദുരന്ത പ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി മോക്ക് ഡ്രില്ലുകൾ (Mock Drills) സംഘടിപ്പിക്കുക.

***ലഘൂകരണ പ്രവർത്തനങ്ങൾ***

» ദുർബലതകൾ പരിഹരിക്കൽ: തിരിച്ചറിഞ്ഞ ദുർബലതകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക നടപടികൾ, പദ്ധതികൾ എന്നിവ ചേർക്കുക. (ഉദാ: റോഡുകൾ നന്നാക്കൽ, പാലങ്ങൾ ബലപ്പെടുത്തൽ).

» പാരിസ്ഥിതിക സംരക്ഷണം: വനവൽക്കരണം, മണ്ണ് സംരക്ഷണം, ജലസംരക്ഷണം തുടങ്ങിയ പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

» നിയമങ്ങളും ചട്ടങ്ങളും: ഉന്നതിയിൽ തന്നെ ദുരന്തങ്ങൾ തടയാനോ ആഘാതം ലഘൂകരിക്കാനോ ഏർപ്പെടുത്താവുന്ന മാർഗ്ഗങ്ങളും ചട്ടങ്ങളും വ്യക്തമാക്കുക.

***സാമൂഹ്യ ശാക്തീകരണവും പരിശീലനവും***

» പരിശീലനങ്ങൾ: സമൂഹത്തെ ദുരന്തങ്ങളെ നേരിടാൻ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനങ്ങൾ (പ്രഥമ ശുശ്രൂഷ, രക്ഷാപ്രവർത്തനം, ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ ഉപയോഗിക്കൽ, മാനസിക പിന്തുണ നൽകൽ) സംഘടിപ്പിക്കുക. അഗ്നിശമന സേന, ആരോഗ്യ വകുപ്പ്, ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ സഹായം തേടുക.

» അവബോധം: ദുരന്തങ്ങളെക്കുറിച്ചും അവയെ നേരിടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഉന്നതിയിലെ ജനങ്ങൾക്ക് അവബോധം നൽകുക. ലഘുലേഖകൾ, പോസ്റ്ററുകൾ, ഊരു കൂട്ടങ്ങൾ എന്നിവ ഇതിനായി ഉപയോഗിക്കാം.

» പരമ്പരാഗത അറിവിന്റെ രേഖപ്പെടുത്തൽ: പരമ്പരാഗത അറിവുകൾ രേഖപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ചേർക്കുക. ഈ അറിവുകൾ ദുരന്ത നിവാരണ പദ്ധതിയിൽ എങ്ങനെ ഉപയോഗിക്കാമെന്ന് വ്യക്തമാക്കുക.

» കമ്മ്യൂണിറ്റി പങ്കാളിത്തം: ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉന്നതിയിലെ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.

# ശേഷികളും വിഭവങ്ങളും

## അദ്ധ്യായം 8

ഈ അദ്ധ്യായത്തിൽ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ലഭ്യമായ മനുഷ്യവിഭവങ്ങൾ, സാമ്പത്തിക വിഭവങ്ങൾ, ഭൗതിക വിഭവങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു.

***മനുഷ്യവിഭവങ്ങൾ***

» ഉന്നതിയിലെ സന്നദ്ധ പ്രവർത്തകർ: ദുരന്ത പ്രതികരണ ടീം അംഗങ്ങൾ, പ്രഥമ ശുശ്രൂഷയിൽ പരിശീലനം ലഭിച്ചവർ, മറ്റ് സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറുള്ളവർ എന്നിവരുടെ വിവരങ്ങൾ.

| ക്ര.നം. | പേര് | ചുമതല/പരിശീലനം | ഫോൺ നമ്പർ |
|---|---|---|---|
| | | | |
| | | | |

» സർക്കാർ ഉദ്യോഗസ്ഥർ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ആരോഗ്യ പ്രവർത്തകർ, പോലീസ്, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ വിവരങ്ങൾ.

| ക്ര.നം. | വകുപ്പ്/സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | പദവി | ഫോൺ നമ്പർ |
|---|---|---|---|---|
| | | | | |
| | | | | |

» വിദഗ്ദ്ധർ: ദുരന്ത നിവാരണത്തിൽ വൈദഗ്ധ്യമുള്ള വ്യക്തികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ തുടങ്ങിയവരുടെ ലഭ്യത.

| ക്ര.നം. | പേര് | വൈദഗ്ധ്യം | ഫോൺ നമ്പർ |
|---|---|---|---|
| | | | |
| | | | |

***സാമ്പത്തിക വിഭവങ്ങൾ***

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ: ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ഫണ്ടുകൾ (തദ്ദേശ സ്വയംഭരണ പദ്ധതി, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി).

| ക്ര.നം. | ഫണ്ടിന്റെ പേര് | ലഭ്യമായ തുക (ഏകദേശം) | ഉപയോഗിക്കാവുന്ന കാര്യങ്ങൾ |
|---|---|---|---|
| | | | |
| | | | |

» സർക്കാർ സഹായങ്ങൾ: സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ നിന്ന് ലഭ്യമായ ദുരന്ത നിവാരണ ഫണ്ടുകൾ, പദ്ധതികൾ.

| ക്ര.നം. | പദ്ധതിയുടെ പേര് | ലഭ്യമായ സഹായം | ബന്ധപ്പെടേണ്ട ഏജൻസി |
|---|---|---|---|
| | | | |
| | | | |

» സന്നദ്ധ സംഘടനകളുടെ സഹായം: ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന സന്നദ്ധ സംഘടനകൾ.

| ക്ര.നം. | സംഘടനയുടെ പേര് | നൽകുന്ന സഹായം | ബന്ധപ്പെടേണ്ട വ്യക്തി/ഫോൺ നമ്പർ |
|---|---|---|---|
| | | | |
| | | | |

» ഉന്നതിയിലെ  ഫണ്ടുകൾ: ഊരിന് സ്വന്തമായി ദുരന്ത നിവാരണത്തിനായി നീക്കിവെക്കാൻ കഴിയുന്ന ഫണ്ടുകൾ.

***ഭൗതിക വിഭവങ്ങൾ***

» ആരോഗ്യ സൗകര്യങ്ങൾ: ഉന്നതിയിലെ  ആരോഗ്യ സൗകര്യങ്ങൾ (ശാരീരികവും മാനസികവുമായ ആരോഗ്യം).

» മനുഷ്യവിഭവം: ഡോക്ടർമാർ, നഴ്സുമാർ, ആശാ വർക്കർമാർ തുടങ്ങിയ ആരോഗ്യ പ്രവർത്തകർ.

| ക്ര.നം. | പേര് | പദവി | ഫോൺ നമ്പർ |
|---|---|---|---|
| | | | |
| | | | |

» ഉപകരണങ്ങളും സജ്ജീകരണങ്ങളും: പ്രഥമ ശുശ്രൂഷാ കിറ്റുകൾ, വൈദ്യുത വേലികൾ (മനുഷ്യവന്യജീവി സംഘർഷം തടയാൻ), മറ്റ് ആവശ്യമായ ഉപകരണങ്ങൾ.

| ക്ര.നം. | ഉപകരണത്തിന്റെ പേര് | എണ്ണം | ലഭ്യമായ സ്ഥലം |
|---|---|---|---|
| | പ്രഥമ ശുശ്രൂഷാ കിറ്റ് | | |
| | | | |

» യന്ത്രസാമഗ്രികളും വാഹനങ്ങളും: ആംബുലൻസ്, മറ്റ് വാഹനങ്ങൾ, രക്ഷാപ്രവർത്തനത്തിനുള്ള യന്ത്രസാമഗ്രികൾ.

| ക്ര.നം. | ഇനം | എണ്ണം | ലഭ്യമായ സ്ഥലം/ഉടമ |
|---|---|---|---|
| | ആംബുലൻസ് | | |
| | മറ്റ് വാഹനങ്ങൾ | | |

» സ്ഥാപനപരമായ അടിസ്ഥാന സൗകര്യങ്ങൾ: പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ.

| ക്ര.നം. | സ്ഥാപനത്തിന്റെ പേര് | സ്ഥലം | ലഭ്യമായ സൗകര്യങ്ങൾ |
|---|---|---|---|
| | | | |
| | | | |

» വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾ: ഉന്നതിയിലെ  വൈദ്യുതി വിതരണ സംവിധാനങ്ങൾ, ജനറേറ്ററുകൾ, സോളാർ പാനലുകൾ തുടങ്ങിയവയുടെ ലഭ്യത.

| ക്ര.നം. | ഇനം | എണ്ണം | ലഭ്യമായ സ്ഥലം/ഉടമ |
|---|---|---|---|
| | ജനറേറ്റർ | | |
| | സോളാർ പാനൽ | | |

» ജലസേചനവും ജലസ്രോതസ്സുകളും: ജലസേചനത്തിനുള്ള സൗകര്യങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, അവയുടെ സംരക്ഷണം.

| ക്ര.നം. | സ്രോതസ്സിന്റെ പേര് | തരം | എണ്ണം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | | | | |
| | | | | |

» ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ: മൊബൈൽ ടവറുകൾ, ലാൻഡ്‌ലൈൻ, വയർലെസ് സംവിധാനങ്ങൾ, റേഡിയോ എന്നിവയുടെ ലഭ്യതയും പ്രവർത്തനക്ഷമതയും.

| ക്ര.നം. | ഇനം | ലഭ്യത (ഉണ്ട്/ഇല്ല) | പ്രവർത്തനക്ഷമത |
|---|---|---|---|
| | മൊബൈൽ കവറേജ് | | |
| | റേഡിയോ | | |
| | ലാൻഡ്‌ലൈൻ | | |

# കാലാവസ്ഥാനുസൃത ദുരന്ത ലഘൂകരണ പ്രോജക്ട് നിർദ്ദേശങ്ങൾ

## അദ്ധ്യായം 9

ഈ അദ്ധ്യായത്തിൽ, ഉന്നതിയുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് കാലാവസ്ഥാ മാറ്റങ്ങളെയും ദുരന്തങ്ങളെയും ലഘൂകരിക്കുന്നതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നു.

***തദ്ദേശ സ്വയംഭരണ സ്ഥാപനവും വിവിധ വകുപ്പുകളും ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ***

» വെള്ളക്കെട്ട് ഒഴിവാക്കാൻ, നീർച്ചാലുകൾ വൃത്തിയാക്കാൻ, മണ്ണൊലിപ്പ് തടയാൻ, റോഡുകൾ നന്നാക്കാൻ, പാലങ്ങൾ ബലപ്പെടുത്താൻ തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ പദ്ധതിയിലും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുത്താനാവണം.

» ദുരന്ത വേളയിൽ ജനങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുന്ന വഴികൾ പലപ്പോഴും കാട്ടിനുള്ളിലൂടെയാവാം, അതിനുള്ള അനുമതി വനം വകുപ്പ് മുന്നേ നൽകുക.

» ആരോഗ്യ സംവിധാനവും പ്രഥമ ശുശ്രൂഷയും ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ്, ആവശ്യമായ പരിശീലനത്തിന് അഗ്നിശമന സേന, ഉന്നതിയിൽ ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾക്ക് പട്ടിക വർഗ്ഗ വകുപ്പ് എന്നിങ്ങനെ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുക.

***സംസ്ഥാന തലത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ***

» കൂടുതൽ വിപുലവും വലുതുമായ പ്രവർത്തനങ്ങൾ ആണെങ്കിൽ സംസ്ഥാന തലത്തിൽ ഏറ്റെടുക്കേണ്ടതാണ്. അതും പ്രത്യേകമായി രേഖപ്പെടുത്തുക. (ഉദാ: വെള്ളപ്പൊക്കം ഒഴിവാക്കുവാൻ വേണ്ട സംവിധാനങ്ങൾ, വലിയ പാലങ്ങളുടെ നിർമ്മാണം, ഉരുൾപൊട്ടൽ ഭീഷണി ലഘൂകരിക്കുവാൻ ഉതകുന്ന സംവിധാനങ്ങൾ, വലിയ തോതിലുള്ള വനവൽക്കരണ പദ്ധതികൾ).

» ദീർഘകാലാടിസ്ഥാനത്തിലുള്ള കാലാവസ്ഥാ വ്യതിയാന ലഘൂകരണ പദ്ധതികൾ.

***ഉന്നതിയിലെ ജനങ്ങൾ നേരിട്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾ***

» അപകടമുന്നറിയിപ്പ് എങ്ങനെ ലഭ്യമാക്കും, അപകട സമയത്ത് കൂടിച്ചേരേണ്ട സ്ഥലം മാർക്ക് ചെയ്യുക, വിവിധ ബോർഡുകൾ സ്ഥാപിക്കുക, പ്രഥമ ശുശ്രൂഷക്കും മറ്റുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, ആവശ്യമായ സാമഗ്രികൾ വാങ്ങി സൂക്ഷിക്കുക.

» ദുരന്ത വേളയിൽ ബന്ധപ്പെടേണ്ടവരുടെ/ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ഫോൺ നമ്പർ എന്നിവ സംഘടിപ്പിക്കുക.

» ഉന്നതിയിൽ തന്നെ ദുരന്തങ്ങൾ തടയാനോ ആഘാതം ലഘൂകരിക്കാനോ ഏർപ്പെടുത്താവുന്ന മാർഗ്ഗങ്ങളും ചട്ടങ്ങളും വ്യക്തമാക്കുക.

» സ്വന്തം വീടുകളും ചുറ്റുപാടും സുരക്ഷിതമാക്കുന്നതിനുള്ള ലഘുവായ പ്രവർത്തനങ്ങൾ.

# പ്രധാന ഫോൺ നമ്പറുകൾ, വാർഡ് തലത്തിൽ ശേഖരിക്കേണ്ട അനുബന്ധ വിവരങ്ങൾ

## അദ്ധ്യായം 10

ഈ അദ്ധ്യായത്തിൽ, അടിയന്തിര ഘട്ടങ്ങളിൽ ബന്ധപ്പെടേണ്ട പ്രധാനപ്പെട്ട ഫോൺ നമ്പറുകളും വാർഡ് തലത്തിൽ ശേഖരിക്കേണ്ട അധിക വിവരങ്ങളും ഉൾപ്പെടുത്തുന്നു.

***അടിയന്തിര ഘട്ടങ്ങളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ***

» പോലീസ്:
» ഫയർ & റെസ്ക്യൂ:
» ആംബുലൻസ്/ആരോഗ്യ വകുപ്പ്:
» വനം വകുപ്പ്:
» ഗ്രാമ പഞ്ചായത്ത് ഓഫീസ്:
» ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്:
» ജില്ലാ കളക്ടറേറ്റ് (ദുരന്ത നിവാരണ വിഭാഗം):
» താലൂക്ക് ഓഫീസ്:
» അക്ഷയ കേന്ദ്രം:
» പ്രധാനപ്പെട്ട ഊരു മൂപ്പൻ/പ്രതിനിധി:
» ദുരന്ത നിവാരണ ടീം ലീഡർ:
» അടുത്തുള്ള ആശുപത്രി/പ്രാഥമികാരോഗ്യ കേന്ദ്രം:
» അടുത്തുള്ള റേഷൻ കട:
» വൈദ്യുതി വകുപ്പ്:
» ജല അതോറിറ്റി:
» പ്രധാനപ്പെട്ട സന്നദ്ധ സംഘടനകൾ:
» മറ്റെന്തെങ്കിലും പ്രധാനപ്പെട്ട നമ്പറുകൾ:

***വാർഡ് തലത്തിൽ ശേഖരിക്കേണ്ട അനുബന്ധ വിവരങ്ങൾ***

» ഓരോ വാർഡിലെയും ദുർബല വിഭാഗങ്ങളുടെ (വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, രോഗികൾ, ഗർഭിണികൾ) വിവരങ്ങൾ.
» ഓരോ വാർഡിലെയും സുരക്ഷിതമായ ഭവനങ്ങളുടെയും അഭയകേന്ദ്രങ്ങളുടെയും വിവരങ്ങൾ.
» ഓരോ വാർഡിലെയും രക്ഷാപ്രവർത്തനങ്ങൾക്ക് സഹായിക്കാൻ കഴിയുന്നവരുടെ വിവരങ്ങൾ.
» ഓരോ വാർഡിലെയും പ്രധാനപ്പെട്ട റോഡുകൾ, പാലങ്ങൾ, ജലാശയങ്ങൾ എന്നിവയുടെ വിവരങ്ങൾ.
» ഓരോ വാർഡിലെയും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ.
» ഓരോ വാർഡിലെയും പ്രഥമ ശുശ്രൂഷാ കിറ്റുകളുടെയും മറ്റ് അടിയന്തിര സാമഗ്രികളുടെയും ലഭ്യത.
» ഓരോ വാർഡിലെയും പ്രധാനപ്പെട്ട സാമൂഹിക നേതാക്കൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ വിവരങ്ങൾ.

# പങ്കാളിത്ത ഭൂപടം നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

## Participatory Map

ഹാംലെറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം എന്ന നിലയിൽ ഉന്നതിയിലെ മുതിർന്നവരുടെയും യുവാക്കളുടെയും സ്ത്രീകളുടെയും പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കേണ്ടത് നിങ്ങളുടെ പ്രധാന ചുമതലയാണ്.

***ഘട്ടം 1: ഭൂപട നിർമ്മാണത്തിന് ഒരുങ്ങുക***

» സ്ഥലം കണ്ടെത്തുക: ഉന്നതിയിലെ എല്ലാവർക്കും എളുപ്പത്തിൽ ഒരുമിച്ച് കൂടാനും, സൗകര്യമായി ഭൂപടം വരയ്ക്കാനും കഴിയുന്ന ഒരു തുറസ്സായ സ്ഥലമോ, കമ്മ്യൂണിറ്റി ഹാളോ തിരഞ്ഞെടുക്കുക. നിലത്തോ ഭിത്തിയിലോ ഭൂചിത്രം വരയ്ക്കുന്നതിനു അനുയോജ്യമായ സ്ഥലമാണ് വേണ്ടത്.

» ടീം രൂപീകരണം: ഉന്നതിയിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ആളുകളെ (പ്രധാനമായും പരമ്പരാഗത അറിവുള്ള മുതിർന്നവർ, ഒഞഏ അംഗങ്ങൾ, സ്ത്രീകൾ, യുവാക്കൾ, കുട്ടികൾ ) ഉൾപ്പെടുത്തി ചെറിയ ഗ്രൂപ്പുകളായി തിരിക്കുക.

» സാമഗ്രികൾ ശേഖരിക്കുക:

» വലിയ ചാർട്ട് പേപ്പറുകൾ അല്ലെങ്കിൽ പല നിറത്തിലുള്ള പൊടികൾ വാങ്ങുക/ശേഖരിക്കുക

» വിവിധ നിറങ്ങളിലുള്ള മാർക്കറുകൾ, പെൻസിലുകൾ, ക്രയോണുകൾ.

» ചിലപ്പോൾ പ്രാദേശിക വസ്തുക്കൾ (മണ്ണ്, കല്ലുകൾ, ഇലകൾ, ചില്ലകൾ) ഉപയോഗിച്ച് 3D മാതൃക ഉണ്ടാക്കുന്നതും ആകർഷകമാവാം.

» പലനിറത്തിലുള്ള പൊടികൾ ഉപയോഗിച്ചുകൊണ്ട് നിരപ്പായ തറയിൽ ഭൂപടം വരക്കാം. അല്ലെങ്കിൽ ചാർട്ടുകൾ സംയോജിപ്പിച്ചുകൊണ്ട് വലിയ പ്രതലം ഉണ്ടാക്കുകയും അവയിൽ പലനിറത്തിലുള്ള മാർക്കറുകൾ ഉപയോഗിച്ചു ഭൂപടം വരക്കാം. അതുമല്ലെങ്കിൽ പ്രാദേശികമായി ലഭിക്കുന്ന മണ്ണ്, മുള, ഓല എന്നിവയെല്ലാം ഉപയോഗിച്ചു 3ഉ മോഡലിലും ഇവ ഉണ്ടാക്കാം.

» ആദ്യം ഉന്നതിയുടെ അതിർത്തികളും (Boundary) പ്രധാന അടയാളങ്ങളും (പുഴ, മലകൾ, വനം, റോഡുകൾ) മാത്രം വരച്ച് തുടങ്ങാൻ പങ്കെടുക്കുന്നവരോട് ആവശ്യപ്പെടുക.

***ഘട്ടം 2: വിവരങ്ങൾ അടയാളപ്പെടുത്തുക***

» ഉന്നതിയിലെ ആളുകളെക്കൊണ്ട് തന്നെ ഭൂപടത്തിൽ താഴെ പറയുന്ന മൂന്ന് തരം വിവരങ്ങൾ അടയാളപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുക.

***ദുർബലതകളും (Vulnerabilities) അപകടസാധ്യതകളും (Hazards)***

അപകടസാധ്യതകളും അവയുടെ തൽസ്ഥിതിയും അടയാളപ്പെടുത്തുകയും സാമൂഹ്യ, സാമ്പത്തിക, ഭൗതിക ദുർബലതകൾ മൂലം ഈ അപകടസാധ്യതകൾ ദുരന്തങ്ങളാവാൻ സാധ്യതയേറിയ ഇടങ്ങൾ രേഖപ്പെടുത്തുക. ചില ഉദാഹരണങ്ങൾ താഴെകൊടുത്തിരിക്കുന്നു

» വർഷകാലത്ത് വെള്ളം കയറാൻ സാധ്യതയുള്ള വീടുകൾ.

» ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ള ചരിഞ്ഞ പ്രദേശങ്ങൾ.

» കാട്ടുതീ സാധ്യതയുള്ള വനമേഖലകൾ.

» വന്യജീവികൾ കടന്നുവരാൻ സാധ്യത യുള്ള വഴികളും സ്ഥലങ്ങളും.
» ഏറ്റവും പഴക്കം ചെന്ന, ദുരന്തസാധ്യത യുള്ള ഭവനങ്ങൾ.
» ഭിന്നശേഷിക്കരായവരോ കിടപ്പുരോഗികേ ളാ ഉള്ള വീടുകൾ
» ഫോൺ പോലുള്ള അടിസ്ഥാനവിനിമയ സംവിധാനങ്ങൾ ഇല്ലാത്ത വീടുകൾ

***ശേഷികളും വിഭവങ്ങളും (Capacities & Resources)***

» അടിയന്തിരഘട്ട പ്രതികരണത്തിന് ആവ ശ്യമായ ശേഷികളും വിഭവങ്ങളുമാണ് പ്രധാനമായി ഇവിടെ രേഖപ്പെടുത്തേണ്ടത്. സുരക്ഷിതമാക്കാൻ ഉപയോഗിക്കുന്ന സാമ ഗ്രികളും ഇടങ്ങളും രേഖപ്പെടുത്തുക.
» പ്രധാനപ്പെട്ടതും സുരക്ഷിതവുമായ ജലസ്രേ ാതസ്സുകൾ (കിണറുകൾ, കുളങ്ങൾ).
» അഭയകേന്ദ്രങ്ങളാക്കാൻ സാധിക്കുന്ന പെ ാതുസ്ഥലങ്ങൾ (സ്കൂളുകൾ, അങ്കണവാടി കൾ, കമ്മ്യൂണിറ്റി ഹാൾ).
» രക്ഷാപ്രവർത്തന ഉപകരണങ്ങൾ (കയർ, ടോർച്ച്, മൺവെട്ടി, പ്രഥമ ശുശ്രൂഷാ കിറ്റ്) സൂക്ഷിച്ചിട്ടുള്ള വീടുകൾ.
» ആശയവിനിമയത്തിനുള്ള മാർഗ്ഗങ്ങൾ (മൊ ബൈൽ കവറേജുള്ള ഉയർന്ന സ്ഥലങ്ങൾ).
» രക്ഷാപ്രവർത്തനത്തിൽ സഹായിക്കാൻ കഴിവുള്ള ആളുകളുടെ വീടുകൾ (ഊ രുവൈദ്യൻ, ഡ്രൈവർമാർ, മുങ്ങൽ വിദ ഗ്ദ്ധർ).

***ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ (Evacuation Routes):***

» അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന സുരക്ഷിതമായ വഴികൾ (പ്രധാ ന റോഡ്).
» അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ ഉപയോ ഗിക്കാവൂ എന്ന് കരുതുന്ന ഇതര വഴികൾ (വനം വകുപ്പിന്റെ റോഡ്).
» ആളുകൾ ഒത്തുകൂടേണ്ട കൂടിച്ചേരൽ സ്ഥ ലങ്ങൾ (അലൈായഹ്യ ജീശിഭേ).
» ഒഴിഞ്ഞു പോകുമ്പോൾ ഒഴിവാക്കേണ്ട ഇട ങ്ങൾ.



***ഘട്ടം 3: സ്ഥിരീകരണവും രേഖപ്പെടുത്തലും***

» വിശദീകരണം: ഭൂപടം പൂർത്തിയാക്കിയ ശേഷം, ഓരോ ഗ്രൂപ്പിനോടും അവർ അട യാളപ്പെടുത്തിയ കാര്യങ്ങൾ ഊരുകൂട്ട ത്തിൽ വിശദീകരിക്കാൻ ആവശ്യപ്പെടുക. സംശയങ്ങൾ തീർത്ത് ഭൂപടം അന്തിമമാ ക്കുക.
» പകർപ്പ് എടുക്കൽ: തയ്യാറാക്കിയ പ്രാദേ ശിക ഭൂപടത്തിന്റെ വ്യക്തമായ ഒരു പകർപ്പ് ഉണ്ടാക്കി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീ സിൽ സമർപ്പിക്കാനായി സൂക്ഷിക്കുക.
» കാലാനുസൃതമാക്കൽ: റോഡുകളോ, കെട്ടിടങ്ങളോ, അപകടസാധ്യതകളോ മാ റുമ്പോൾ ഈ ഭൂപടം പുതുക്കി വരയ്ക്കും എന്ന് ഉന്നതിയിലെ ആളുകളെ ഓർമ്മിപ്പി ക്കുക.

## ഏകീകൃത സ്വഭാവത്തിനായി നിർദ്ദേശിക്കുന്ന ചിഹ്നങ്ങളും നിറങ്ങളും

ഭൂപടത്തിൽ വ്യക്തതയും ഏകീകൃത സ്വഭാവവും നിലനിർത്താൻ താഴെ പറയുന്ന ചിഹ്നങ്ങളും നിറങ്ങളും ഉപയോഗിക്കാൻ പ്രൊമോട്ടർമാർ ശ്രദ്ധിക്കണം.

1. ചിഹ്നങ്ങൾ (Symbols)

| ചിഹ്നം | എന്തിനെ സൂചിപ്പിക്കുന്നു |
|---|---|
|  | അഭയകേന്ദ്രം (Shelter): സുരക്ഷിതമായ കെട്ടിടങ്ങൾ (സ്കൂൾ, അങ്കണവാടി). |
|  | ഒത്തുകൂടേണ്ട സ്ഥലം /കൂടിച്ചേരൽ സ്ഥലം (Assembly Point): ദുരന്ത സമയത്ത് ആളുകൾ ഒത്തുചേരേണ്ട ഇടം. |
|  | ഒഴിഞ്ഞുപോകൽ മാർഗ്ഗം (Evacuation Route): സുരക്ഷിത സ്ഥാനത്തേക്കുള്ള പ്രധാന മാർഗ്ഗം. |
|  | ആരോഗ്യ സഹായം: പ്രാഥമികാരോഗ്യ കേന്ദ്രം അല്ലെങ്കിൽ പ്രഥമ ശുശ്രൂഷാ കിറ്റ് ലഭ്യമുള്ള വീട്. |
|  | ഭവനങ്ങൾ (Houses): സാധാരണ വീടുകൾ. |
|  | ദുർബല ഭവനം: മഴയിൽ തകരാൻ സാധ്യതയുള്ള വീട്. |
|  | ജലലഭ്യത: കുടിവെള്ള കിണർ / ടാപ്പ്. |
|  | വന്യജീവി സാന്നിധ്യം: സ്ഥിരമായി വന്യജീവികൾ ഇറങ്ങുന്ന പ്രദേശം. |
|  | ആരാധനാലയങ്ങൾ |

### *പങ്കാളിത്ത ഭൂപടങ്ങളിൽ സാങ്കേതികവിദ്യയുടെ ലളിതമായ സംയോജനം (Basic Technology Integration)*

ഉന്നതിയിലെ തദ്ദേശീയ അറിവുകളെ (Local Knowledge) ആധുനിക സാങ്കേതികവിദ്യയുമായി (Technology) സംയോജിപ്പിക്കുന്നത് പദ്ധതിയുടെ കൃത്യതയും വിശ്വാസ്യതയും (Accuracy and Credibility) വർദ്ധിപ്പിക്കും.

പ്രാദേശിക തലത്തിൽ സാങ്കേതികവിദ്യ വളരെ ലളിതമായി എങ്ങനെ സമന്വയിപ്പിക്കാം എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

ഉന്നതിയിലെ ആളുകൾ ചേർന്ന് പേപ്പറിലോ നിലത്തോ വരച്ച പങ്കാളിത്ത ഭൂപടം (Participatory Map) കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി എങ്ങനെ പരിഷ്കരിക്കാമെന്ന് നോക്കാം.

#### *ജിയോറെഫറൻസിംഗ് (ഏലീഞലളലിരശിഴ) വഴി കൃത്യത ഉറപ്പാക്കൽ*

» നമ്മൾ വരച്ച ഭൂപടത്തിലെ വിവരങ്ങൾ യഥാർത്ഥ ഭൂമിയിലെ സ്ഥാനങ്ങളുമായി ഒത്തുനോക്കി കൃത്യമാക്കുന്ന പ്രക്രിയയാണിത്.

» Google Earth ഉപയോഗിച്ച് സ്ഥാനനിർണ്ണയം:

» പ്രൊമോട്ടർമാർ ഉന്നതിയിലെ പ്രധാനപ്പെട്ട 510 സ്ഥലങ്ങൾ (ഉദാഹരണത്തിന്, അഭയകേന്ദ്രം, വെള്ളം കയറുന്ന സ്ഥലം, പ്രധാന കിണർ) ഒരു മൊബൈൽ ഫോണിലെ ഏീീഴഹല ങമു അല്ലെങ്കിൽ Google Earth ആപ്ലിക്കേഷനിൽ പോയിന്റ് ചെയ്ത് ഏജട കോർഡിനേറ്റുകൾ (അക്ഷാംശം, രേഖാംശം) രേഖപ്പെടുത്തുക.

» സംയോജനം: ഈ കോർഡിനേറ്ററുകൾ പേപ്പർ മാപ്പിലെ ആ സ്ഥാനങ്ങൾക്ക് അടുത്തായി എഴുതി വെക്കുക. ഇതിലൂടെ, ഭൂപടം കാണുന്ന ആർക്കും (പഞ്ചായത്ത് ഉദ്യോഗസ്ഥർ, ഫയർഫോഴ്സ്) ദുരന്ത സമയത്ത് ആ സ്ഥലങ്ങൾ കൃത്യമായി കണ്ടെത്താൻ കഴിയും.

» ലളിതമായ സംയോജനം: ജി.പി.എസ്. കോർഡിനേറ്ററുകൾ കുറിച്ച ചെറിയ സ്റ്റിക്കറുകൾ പേപ്പർ ഭൂപടത്തിലെ ആ സ്ഥാനങ്ങളിൽ ഒട്ടിക്കുന്നത് വളരെ എളുപ്പമുള്ള സാങ്കേതിക സംയോജനമാണ്.

### *Google Maps ഉപയോഗിച്ച് കോർഡിനേറ്റുകൾ കണ്ടെത്താനുള്ള എളുപ്പവഴികൾ*

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും രക്ഷാപ്രവർത്തനങ്ങൾക്കും കൃത്യമായ കോർഡിനേറ്റുകൾ (Precise Coordinates) അഥവാ സ്ഥാനനിർണ്ണയ വിവരങ്ങൾ അനിവാര്യമാണ്.
ഈ വിവരങ്ങൾ ഊരുകളിൽ ശേഖരിക്കാനായി, ഏറ്റവും എളുപ്പത്തിൽ ഉപയോഗിക്കാവുന്ന മൊബൈൽ ആപ്ലിക്കേഷനായ Google ങമു ഉപയോഗിച്ച് കോർഡിനേറ്റുകൾ (അക്ഷാംശം/രേഖാംശം) എങ്ങനെ കണ്ടെത്താമെന്ന് ഘട്ടം ഘട്ടമായി താഴെ വിശദീകരിക്കുന്നു.
പ്രൊമോട്ടർമാർക്ക് ലളിതമായി പിന്തുടരാവുന്ന രീതിയാണിത്. കോർഡിനേറ്റുകൾ രേഖപ്പെടുത്തുന്നതിന് മുമ്പ് മൊബൈലിൽ ഇന്റർനെറ്റ് കണക്ഷനും (Internet Connection) ഏജട ഓണാണോ (GPS Enabled) എന്നും ഉറപ്പാക്കുക.

#### *Google Maps ആപ്പ് തുറക്കുക*

» നിങ്ങളുടെ മൊബൈൽ ഫോണിൽ ഏീീഴഹല ങമു ആപ്ലിക്കേഷൻ തുറക്കുക.

» സ്ഥലം കണ്ടെത്തുക: നിങ്ങൾ കോർഡിനേറ്റ് എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം (ഉദാഹരണത്തിന്, വെള്ളം കയറുന്ന ഒരു വീട്, അഭയകേന്ദ്രമായി നിശ്ചയിച്ച സ്കൂൾ, അല്ലെങ്കിൽ വന്യജീവികൾ കടന്നുവരുന്ന വഴി) മാപ്പിൽ സൂം ചെയ്ത് വ്യക്തമായി കാണുക.

***സ്ഥാനം അടയാളപ്പെടുത്തുക (Pin Drop)***

- Pin Drop: മാപ്പിൽ നിങ്ങൾക്ക് കോർഡിനേറ്റ് ആവശ്യമുള്ള കൃത്യമായ സ്ഥലത്ത് നിങ്ങളുടെ വിരൽ (Finger) വെച്ച് അൽപനേരം അമർത്തിപ്പിടിക്കുക (Press and Hold).
- ഇങ്ങനെ ചെയ്യുമ്പോൾ ആ സ്ഥലത്ത് ഒരു ചുവന്ന അടയാളം (Red Pin) വീഴുന്നത് കാണാം. ഈ അടയാളമാണ് നിങ്ങൾ തിരഞ്ഞെടുത്ത സ്ഥാനം.

***കോർഡിനേറ്റുകൾ കാണുക***

- View Coordinates: നിങ്ങൾ അടയാളപ്പെടുത്തിയ ചുവന്ന അടയാളത്തിന് മുകളിലായി, സ്ക്രീനിന്റെ മുകൾ ഭാഗത്ത് (Top of the Screen) ഒരു തിരയൽ പെട്ടി ടലമൃരവ ആീഃ കാണാം.
- ഈ ടലമൃരവ ആീഃൽ അക്കങ്ങളും ചിഹ്നങ്ങളും (ഉദാഹരണത്തിന്: 10.0123,76.5432) എഴുതിയിരിക്കുന്നത് കാണാം. ഇതാണ് ആ സ്ഥലത്തിന്റെ കോർഡിനേറ്റുകൾ.
- ആദ്യത്തെ സംഖ്യ അക്ഷാംശം (Latitude വടക്ക്തെക്ക്) ആണ്.
- രണ്ടാമത്തെ സംഖ്യ രേഖാംശം (Longitude കിഴക്ക്പടിഞ്ഞാറ്) ആണ്.

***കോർഡിനേറ്റുകൾ പകർത്തി സൂക്ഷിക്കുക***

- Copy and Save: സ്ക്രീനിന്റെ മുകളിലുള്ള ഈ അക്കങ്ങളിൽ ഒരു തവണ അമർത്തുക (Tap Once).
- അപ്പോൾ ആ കോർഡിനേറ്റുകൾ പകർത്തി (Copy) എന്ന് കാണിക്കുന്ന ഒരു സന്ദേശം വരും.
- ഈ കോർഡിനേറ്റുകൾ നിങ്ങൾ തയ്യാറാക്കിയ വിവരപ്പട്ടികയിൽ (Data Sheet) കൃത്യമായി എഴുതി വെക്കുക.

***Google Earth ഉപയോഗിച്ചാൽ***

Google Earth ഉപയോഗിക്കുമ്പോൾ, നിങ്ങൾ സ്ക്രീനിൽ അമർത്തുന്ന സ്ഥലത്തിന്റെ കോർഡിനേറ്റുകൾ താഴെ ഭാഗത്ത് (Bottom of the Screen) കാണാവുന്നതാണ്. ഇവിടെ കോർഡിനേറ്റുകൾ, സാധാരണയായി, ഡിഗ്രി, മിനിറ്റ്, സെക്കൻഡ് ഫോർമാറ്റിലും (ഉദാ: 10ത്ഥ 02’ 12.3‘ ച) കാണിക്കാറുണ്ട്. ദശാംശ സംഖ്യകൾ ഉപയോഗിക്കുന്നതാണ് (Decimal Format) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ എളുപ്പം .

***ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ***

- കൃത്യത (Precision): കോർഡിനേറ്റുകൾ പകർത്തുമ്പോൾ ദശാംശത്തിനുശേഷം (Decimal Point) കുറഞ്ഞത് നാല് മുതൽ ആറ് വരെ അക്കങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് ഉറപ്പാക്കുക (ഉദാ: 10.012345,76.543210). കൂടുതൽ അക്കങ്ങൾ ഉണ്ടെങ്കിൽ സ്ഥാനം കൂടുതൽ കൃത്യമായിരിക്കും.
- ലളിതമായ സംയോജനം: പേപ്പർ മാപ്പിൽ കോർഡിനേറ്റ് ലഭിച്ച സ്ഥലത്ത് ഒരു ചെറിയ സ്റ്റിക്കർ ഒട്ടിക്കുക, ആ സ്റ്റിക്കറിൽ ഈ കോർഡിനേറ്റുകൾ (ഉദാ: 10.0123,76.5432) എഴുതി വെക്കുക.
- ഏകീകൃത ഫോർമാറ്റ്: എല്ലാ വിവരങ്ങളും ഒരേ രീതിയിൽ (ഉദാഹരണത്തിന്: അക്ഷാംശം ആദ്യം, രേഖാംശം രണ്ടാമത്) രേഖപ്പെടുത്താൻ ശ്രദ്ധിക്കുക.
- ഈ ലളിതമായ രീതി ഉപയോഗിച്ച്, ഊരിലെ പ്രധാനപ്പെട്ട എല്ലാ ദുരന്തസാധ്യതയുള്ള സ്ഥലങ്ങളുടെയും വിഭവങ്ങളുടെയും സ്ഥാനങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ പ്രൊമോട്ടർമാർക്ക് കഴിയും. ഇത് ദുരന്ത പ്രതികരണ സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്ക് (Response Activities) വളരെയധികം ഉപകാരപ്പെടും.

***മൊബൈൽ ചിത്രമെടുക്കൽ:***

- പൂർത്തിയാക്കിയ പങ്കാളിത്ത ഭൂപടം നല്ല വെളിച്ചത്തിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് ഒരു ഫോട്ടോ എടുക്കുക.
- സംയോജനം: ഈ ഫോട്ടോ വാട്സ്ആപ്പ് (WhatsApp) വഴിയോ ഇമെയിൽ വഴിയോ പഞ്ചായത്തിലെ അല്ലെങ്കിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് കൈമാറാൻ കഴിയും. പേപ്പർ ഭൂപടം കീറിപ്പോകാതെ വിവരങ്ങൾ പങ്കുവെക്കാൻ ഇത് സഹായിക്കും.

***Google Forms / Excel ഉപയോഗിച്ച് ഡാറ്റാബേസ് ഉണ്ടാക്കൽ***

ഭൂപടത്തിൽ ചിഹ്നങ്ങളായി അടയാളപ്പെടുത്തിയ വിവരങ്ങൾക്ക് പിന്നിലെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ സാങ്കേതികവിദ്യ ഉപ

യോഗിക്കാം.

***ദുർബലതകളുടെ പട്ടിക***

- പേപ്പർ മാപ്പിലെ ഓരോ ദുർബല സ്ഥല ത്തിനും (ഉദാ: വെള്ളം കയറുന്ന വീട്1, മണ്ണി ടിച്ചിൽ സാധ്യത2) ഓരോ നമ്പർ നൽകുക.
- സംയോജനം: ഈ നമ്പറുകൾ ഉപ യോഗിച്ച് Google Forms-Â ഒരു ലളിതമായ ചോദ്യപ്പട്ടിക ഉണ്ടാക്കുക. ഓരോ നമ്പ റും സൂചിപ്പിക്കുന്ന സ്ഥലം, അവിടുത്തെ ദുർബല വിഭാഗങ്ങളുടെ എണ്ണം, മുൻപ് ദു രന്തമുണ്ടായ വർഷം തുടങ്ങിയ വിശദാംശ ങ്ങൾ ഈ ഫോമിൽ രേഖപ്പെടുത്താം.
- ഈ വിവരങ്ങളെല്ലാം ഒരു Excel ഷീറ്റിലോ Google Sheetsലോ ശേഖരിക്കപ്പെടുകയും, അത് ദുരന്ത ലഘൂകരണ പ്രോജക്റ്റുകൾ (അദ്ധ്യായം 9) തയ്യാറാക്കാൻ ഉപയോഗിക്കു കയും ചെയ്യാം.

***വിഭവങ്ങളുടെ വിവരങ്ങൾ***

- ഭൂപടത്തിലെ ഓരോ അഭയകേന്ദ്ര ത്തിനും, പ്രഥമ ശുശ്രൂഷാ പോയിന്റിനും ഒരു കോഡ് (ഉദാഹരണത്തിന്, Shelter-A, Kit-1) നൽകുക.
- സംയോജനം: ഈ കോഡുകൾക്ക് അനു ബന്ധമായി, അവിടെയുള്ള സൗകര്യ ങ്ങൾ (ശുചിമുറി, വെള്ളം, വൈദ്യുതി, എത്ര പേരെ താമസിപ്പിക്കാം) Google Sheetsൽ രേഖപ്പെടുത്തുക. ദുരന്തസമയ ത്ത് ഫോണിൽ ഈ വിവരങ്ങൾ എളുപ്പ ത്തിൽ പരിശോധിക്കാം.

***Googleന്റെ ഉപഗ്രഹ ചിത്രങ്ങളുമായി സംയോജനം (Integration with Google Satellite Data)***

വരച്ച ഭൂപടത്തിന്റെ ആധികാരികത പരി ശോധിക്കാനും കൂടുതൽ വിവരങ്ങൾ ചേർക്കാന ും ഇത് സഹായിക്കും. ഇവ പ്രദേശത്തുള്ള വി ദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ, NGO കളുടെ യോ സഹായത്തോടെ എളുപ്പത്തിൽ ചെയ്യാൻ കഴിഞ്ഞേക്കും.

***Google Earth-ൽ ഭൂപടം വരയ്ക്കൽ (Basic Sketching):***

- മൊബൈലിലോ കമ്പ്യൂട്ടറിലോ Google Earth തുറന്ന്, ഊരിന്റെ ഉപഗ്രഹ ചിത്രം കാ ണുക.
- സംയോജനം: പേപ്പർ മാപ്പിൽ ഊരിലെ ആളുകൾ അടയാളപ്പെടുത്തിയ പ്രധാന വഴി കൾ, പുഴകൾ, വീടുകൾ എന്നിവ ഏീഴഹല ളമ്യേവേലെ "Add Polygon" അല്ലെങ്കിൽ 'Add Path" ടൂളുകൾ ഉപയോഗിച്ച് 'വരയ്ക്കാൻ' ശ്രമിക്കുക. (ഇത് കുറച്ചുകൂടി സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള കാര്യമാണെങ്കി ലും, പരിശീലനം കൊണ്ട് പ്രൊമോട്ടർമാർ ക്ക് പഠിക്കാവുന്നതാണ്.)
- ഇതിലൂടെ ലഭിക്കുന്ന ഡിജിറ്റൽ ഭൂപടം പഞ്ചായത്തിന് കൈമാറാൻ സാധിക്കും. അത് അവരുടെ ഏകട (Geographic Information System) പ്ലാനുകളുമായി സംയോജി പ്പിക്കാൻ എളുപ്പമാകും.

***ദൂരവും സമയവും അളക്കൽ:***

- അഭയകേന്ദ്രത്തിലേക്ക് ഓടിയെത്താൻ എത്ര സമയം എടുക്കുമെന്ന് ഭൂപടത്തിൽ അടയാളപ്പെടുത്തിയ ഒഴിപ്പിക്കൽ വഴികൾ ഉപയോഗിച്ച് Google Mapsse "Distance Measurement" ടൂളിൽ അളക്കുക.
- സംയോജനം: 'ഈ വീടുകളിൽ നിന്ന് അഭ യകേന്ദ്രത്തിലേക്ക് 250 മീറ്റർ (5 മിനിറ്റ് കാൽ നട ദൂരം)' എന്ന രീതിയിൽ ഭൂപടത്തിൽ രേ ഖപ്പെടുത്തുക. ഇത് ഒഴിപ്പിക്കൽ പദ്ധതിക്ക് (Evacuation Plan) കൃത്യത നൽകും.

***ഹാംലെറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പ്രധാന നിർദ്ദേശം***

സാങ്കേതികവിദ്യ എന്നത് ഒരു ഉപകരണം മാ ത്രമാണ്. അത് ഒരിക്കലും ഉന്നതിയിലെ ആളു കളുടെ പങ്കാളിത്തത്തിന് പകരമാവരുത്. ആളുകൾക്ക് മനസ്സിലാകുന്ന രീതിയിൽ പേപ്പർ ഭൂപടം ഉണ്ടാക്കിയ ശേഷം, അതിന്റെ കൃത്യ തയും പ്രായോഗികതയും വർദ്ധിപ്പിക്കാൻ മാത്രം സാങ്കേതികവിദ്യ ഉപയോഗിക്കുക. ഈ ഡിജിറ്റൽ വിവരങ്ങൾ പ്രാദേശിക തലത്തി ലും ജില്ലാ തലത്തിലും ഏകോപനം എളുപ്പമാ ക്കും.




**പട്ടിക വർഗ്ഗ വികസന വകുപ്പ്**
**(എസ്.ടി.ഡി.ഡി )**

മ്യൂസിയും  നന്ദവനം റോഡ്, നന്ദവനം, വികാസ് ഭവൻ തപാൽ ഓഫീസ്, തിരുവനന്തപുരം, കേരളം  695033
ടെലിഫോൺ 0471 2737100

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**
**(കെ.എസ്.ഡി.എം.എ)**

ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്, തിരുവനന്തപുരം, കേരളം  695033
പകൽ സമയ ടെലിഫോൺ 0471 2331345, 04712331645
രാത്രി സമയ ടെലിഫോൺ 0471 2364424
ഫാക്സ് 0471 2364424